
സന്ദേശം
BULLETIN OF CALICUT DIOCESE
VOLUME XXXVI
OCTOBER 2013
No. 10
ആത്മീയതയ്ക്ക് ലാളിത്യമേകുന്ന ജപമണികൾ
ഒക്ടോബർ : ജപമാല മാസം

# കോഴിക്കോട് രൂപത ബുള്ളറ്റിൻ

ബിഷപ്സ് ഹൗസ്, മലാപ്പറമ്പ്, കോഴിക്കോട്.
ഫോൺ: 0495 - 2370313

## ഉള്ളടക്കം

1. **മുഖമൊഴി**
2. **ക്രിസ്തുവിന്റെ സാമ്രാജ്യം**
   മോസ്റ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ
3. **വിശ്വാസവർഷ സമാപനം (സർക്കുലർ)**
4. **സെമിനാർ ഓൺ ലൂമൻ ഫിദേയി**
5. **മാധ്യമദിന സന്ദേശം 2013**
6. **വിശ്വാസ ദീപ്തി – 2013**
7. **സി. സെറീന ജൂബിലി നിറവിൽ**
8. **സെന്റ് വിൻസെന്റ് ഹോം നവതിയുടെ നിറവിൽ**
9. **ഒരു പ്രവാസിയുടെ ഗൃഹാതുര സ്മരണകൾ**
   റവ. ഫാ. മിൽട്ടൻ ജേക്കബ്



**മുഖം:**

"ആത്മീയതയ്ക്ക് ലാളിത്യമേകുന്ന ജപമണികൾ"
ഫാ. സൈമൺ പീറ്റർ

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ
കോഴിക്കോട് രൂപത മെത്രാൻ

**ചീഫ് എഡിറ്റർ**
ഫാ. ജിയോ പയ്യപ്പിള്ളി

**എഡിറ്റോറിയൽ ബോർഡ്**
ഫാ.എ.ഡി. മാത്യു
ഫാ. ജിജു പള്ളിപ്പറമ്പിൽ
ഫാ. ടോണി ഗ്രേഷ്യസ്
ഫാ. സുനിൽ പെരേര

**സർക്കുലേഷൻ മാനേജർ**
സി. അന്ന മരിയ

# മുഖമൊഴി



ഫാ. സുനിൽ പെരേര

വർഷങ്ങൾക്കു മുമ്പ് എന്റെ മൈനർ സെമിനാരി പരിശീലനത്തിന്റെ ആദ്യനാളുകളിൽ, ചില സായാഹ്നങ്ങളിൽ വളരെ വിനയാന്വിതനായൊരു മനുഷ്യൻ ഞങ്ങളുടെ സെമിനാരിയിൽ വരുമായിരുന്നു. വയോധികനും വിശുദ്ധനുമായ റെക്ടറച്ചനോട് കുമ്പസാരിക്കാനും ആത്മീയ ഉപദേശം തേടാനുമാണ് അദ്ദേഹം വന്നിരുന്നത്.

വളരെ സാധാരണമായി വസ്ത്രം ധരിച്ച് സ്വയം ജീപ്പോടിച്ച്, പരിസരങ്ങളെ ഒട്ടും നോവിക്കാതെ, നിശ്ശബ്ദനായി വരുന്ന ഈ മനുഷ്യൻ ഒരു വൈദികൻ ആയിരിക്കണം എന്നാണ് ഞാൻ കരുതിയിരുന്നത്. പിന്നീട് ഒരിക്കൽ റെക്ടർ അച്ചൻ ഞങ്ങളോട് പറഞ്ഞു. അദ്ദേഹം തലശ്ശേരി അതിരൂപതയുടെ മെത്രാനായ വലിയമറ്റം പിതാവാണ്. സെമിനാരിയിൽ അതിഥികളെ സ്വീകരിക്കാനുള്ള ചുമതല എനിക്കായിരുന്നു. പിതാവിന്റെ ലാളിത്യവും വിനയാന്വിതമായ പെരുമാറ്റവും എന്നെ ഒത്തിരി അതിശയിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ, വലിയമറ്റം പിതാവ് എഴുപത്തഞ്ചാം പിറന്നാളും പൗരോഹിത്യ കനകജൂബിലിയും മെത്രാഭിഷേക രജത ജൂബിലിയും ആഘോഷിക്കുന്നു എന്ന വാർത്ത ഒത്തിരി സന്തോഷത്തോടെയാണ് സ്വീകരിച്ചത്. ഓരോ ക്രിസ്ത്യാനിയും യാത്രികന്റെ മനസ്സോടെ ഏറ്റവും കുറഞ്ഞ ചുമൽ ചുമടുകളോടെ ജീവിക്കണമെന്ന ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം ഓർമ്മയിൽ വരുന്നു. ഒരു ഗ്രാമീണ കർഷകന്റെ മനസ്സും ആത്മീയതയുമാണ് പിതാവിന്റേത് എന്ന് തോന്നിയിട്ടുണ്ട്. സർവ്വേശ്വരൻ ധാരാളം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.



# ക്രിസ്തുവിന്റെ സാമ്രാജ്യം

ബിഷപ് വർഗീസ് ചക്കാലയ്ക്കൽ

കുറച്ചുവർഷങ്ങൾക്ക് മുമ്പ് എന്റെ സഹപാഠികളായിരുന്ന രണ്ട് വൈദികരോടൊപ്പം കണ്ണൂരിലുള്ള സെന്റ് അഞ്ചലോസ് കോട്ട കാണുവാൻ പോവുകയുണ്ടായി. പണ്ടുകാലത്ത് നിലനിന്നിരുന്ന രാജഭരണത്തിന്റെ സ്മരണകളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ, വളരെ വൈദഗ്ദ്ധ്യത്തോടെയും, കലാപരമായും പണിതുയർത്തിയ ഈ കോട്ട എന്നെ സഹായിച്ചു എന്നുവേണം പറയാൻ. രാജാക്കന്മാരുടെയും ചക്രവർത്തിമാരുടേയുമൊക്കെ ചരിത്രത്തിന്റെ ഇന്നും നിലനിൽക്കുന്ന ബാക്കിപത്രങ്ങളാണ് കണ്ണൂർ കോട്ടയും അതുപോലുള്ള മറ്റു കോട്ടകളും. രാജാക്കന്മാരെക്കുറിച്ചും അവരുടെ പടയോട്ടങ്ങളെക്കുറിച്ചുമൊക്കെയുള്ള കഥകളും പുരാണങ്ങളുമൊക്കെ നമുക്ക് സുപരിചിതങ്ങളാണ്. ചരിത്രപഠന ക്ലാസ്സുകളിൽ രാജാക്കന്മാരുടെ ജീവചരിത്രവും ഭരണപരിഷ്കരണങ്ങളുമൊക്കെ നമ്മൾ പഠിച്ചിട്ടുണ്ട്. അവരുടെ വീരസാഹസിക കഥകളുടെ പശ്ചാത്തലത്തിൽ രൂപംകൊള്ളുന്ന സീരിയലുകളും സിനിമകളുമൊക്കെ ജനങ്ങൾ എന്നും താൽപര്യപൂർവം വീക്ഷിക്കാറുണ്ട്.

ക്രൈസ്തവ സഭയ്ക്കും ഒരു രാജാവിന്റെ ചരിത്രം പറയാനുണ്ട്. രാജാധിരാജനായ ക്രിസ്തുവിന്റെ തിരുനാളിനായ് ഒരുങ്ങുകയാണ്, ഈ ദിവസങ്ങളിൽ തിരുസഭ. രാജാക്കന്മാരുടെ രാജാവാണ് ക്രിസ്തു എന്ന് പ്രഘോഷിക്കുമ്പോഴും നമ്മുടെയൊക്കെ മനസ്സിൽ ഒരുപക്ഷേ കുറച്ച് ചോദ്യങ്ങൾ ഉയർന്നുവരാൻ സാധ്യതയുണ്ട്. യേശു യഥാർത്ഥത്തിൽ ഒരു രാജാവായിരുന്നോ? യേശു യഥാർത്ഥത്തിൽ ഒരു രാജാവായിരുന്നെങ്കിൽ എന്തേ ഒരു രാജകൊട്ടാരത്തിന്റെ സുരക്ഷിതത്വത്തിലും, സമ്പന്നതയിലും, പട്ടുവസ്ത്രങ്ങളുടെ പതുപതുപ്പിലും രാജകുമാരനായ് പിറന്നില്ല? അന്നന്നത്തേക്കുള്ള വക അദ്ധ്വാനിച്ച് കണ്ടെത്തുന്ന ഒരു ആശാരിപ്പണിക്കാരനെ അയാളുടെ ജോലിയിൽ സഹായിച്ച് ജീവിക്കേണ്ട ഗതികേട് എന്തേ രാജകുമാരന് വന്നുഭവിച്ചു. പ്രഭുക്കന്മാരും ഉന്നതകുല

ജാതന്മാരുമല്ലേ രാജകുമാരന്റെ കൂട്ടുകാർ. അല്ലാതെ മുക്കുവരും ചുങ്കക്കാരുമാണോ? രാജകുമാരന്റെ ചുറ്റുമിരുന്ന് അദ്ദേഹത്തെ ശുശ്രൂഷിക്കേണ്ടത് രാജകുമാരികളും അന്തപ്പുര സ്ത്രീകളുമല്ലേ, അല്ലാതെ പാപിനികളും കുഷ്ഠരോഗികളുമാണോ? രാജാക്കന്മാർ സഞ്ചരിക്കേണ്ടത് ആനപ്പുറത്തോ കുതിരപ്പുറത്തോ അല്ലേ, അല്ലാതെ കഴുതപ്പുറത്താണോ? ഒടുവിൽ രാജാവിന് ചേർന്ന മരണമാണോ നാം കാൽവരിയിൽ കാണുന്നത്?

ഒരുപക്ഷേ ഈ ചോദ്യങ്ങളുടെയൊക്കെ ആകെത്തുകയായിട്ടായിരിക്കണം പീലാത്തോസിൽനിന്നും ആ ചോദ്യമുയർന്നത്! "നീ യഹൂദരുടെ രാജാവാണോ?" പീലാത്തോസിന്റെ ഈ ചോദ്യത്തിന് "ഹേയ് ഞാൻ രാജാവൊന്നുമല്ല" എന്ന ഉത്തരമാണ് യേശു നൽകിയിരുന്നതെങ്കിൽ ചരിത്രം മറ്റൊന്നായേനെ. പീലാത്തോസിന്റെ ചോദ്യത്തിനും നമ്മുടെ മനസ്സിലുയരുന്ന ചോദ്യങ്ങൾക്കുമുള്ള യേശുവിന്റെ ഉത്തരം ഒറ്റ വാചകമായിരിക്കുന്നു. ' എന്റെ രാജ്യം ഈ ഭൂമിയിലല്ല"

ഭൂമിയിലല്ലാത്ത ക്രിസ്തുവിന്റെ സാമ്രാജ്യത്തിലേക്ക് വിളിക്കപ്പെട്ടവരാണ് എല്ലാ ക്രൈസ്തവരും. ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ നമ്മുടെ മനസ്സിലും ഉയരേണ്ട ചിന്ത ഇതുതന്നെയായിരിക്കണം. അതായത് ഈ ഭൂമിയിലെ ജീവിതം ക്രിസ്തുവിന്റെ സാമ്രാജ്യത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങാനുള്ള സമയമാണ്. നമ്മുടെ അനുദിന ജീവിതത്തിലൂടെ ഈ സാമ്രാജ്യത്ത് പ്രവേശിക്കുവാനുള്ള യോഗ്യത നാം നേടിയെടുക്കണം. അതെങ്ങനെയാണെന്ന് യേശുനാഥൻ തന്നെ നമുക്ക് പറഞ്ഞുതരുന്നുണ്ട്. സ്വർഗീയ സിംഹാസനത്തിൽ ഉപവിഷ്ടനായി തന്റെ ഇടത്തും വലത്തും നിൽക്കേണ്ടവരെ, ചെമ്മരിയാടുകളേയും കോലാടുകളേയും വേർതിരിക്കുന്നതുപോലെ തിരഞ്ഞെടുക്കുന്ന സംഭവം വിവരിക്കുന്ന ഭാഗത്ത്, സ്വർഗ്ഗസാമ്രാജ്യത്തിൽ പ്രവേശിക്കുവാൻ വേണ്ട യോഗ്യത എന്തൊക്കെയെന്ന് വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. നമുക്ക് നൽകപ്പെട്ടിരിക്കുന്ന നിസ്സാരമായ കഴിവുകളും അവസരങ്ങളുമൊക്കെ സ്വർഗസാമ്രാജ്യത്തിലേക്ക് പ്രവേശനം നേടിത്തരാൻ കഴിവുള്ളതാണെന്ന് നാം മനസ്സിലാക്കണം. നമുക്ക് എത്ര മാത്രം കഴിവുകൾ കിട്ടി എന്നല്ല മറിച്ച് നമുക്കുള്ള കഴിവ് നാമെങ്ങനെ വിനിയോഗിച്ചു എന്നാണ് പ്രധാനം. ക്രിസ്തുവിന്റെ സാമ്രാജ്യത്തിലേക്ക് പ്രവേശനവും കാത്ത് നാം നിൽക്കുമ്പോൾ നമുക്കെത്ര സമ്പത്തുണ്ടാ




യിരുന്നു. സമൂഹത്തിൽ എത്രമാത്രം സ്ഥാനമുണ്ടായിരുന്നു എന്നൊന്നുമല്ല ക്രിസ്തുനാഥൻ അന്വേഷിക്കുക. മറിച്ച് എത്രപേർക്ക് അവിടുത്തെ നാമത്തിൽ ഇത്തിരി പച്ചവെള്ളമെങ്കിലും കുടിക്കാൻ കൊടുത്തിട്ടുണ്ട് എന്നായിരിക്കും.

ഒരു പരിശോധന നടത്തുക: വിശന്ന് വലയുന്ന എത്രപേർ ഞാൻ നൽകിയ ഭക്ഷണംകൊണ്ട് സംതൃപ്തിയടഞ്ഞിട്ടുണ്ട്? ദാഹിച്ച് പൊരിയുന്ന എത്രപേർ ഞാൻ നൽകിയ വെള്ളം കൊണ്ട് ആശ്വാസം കണ്ടെത്തിയിട്ടുണ്ട്? അതോ മറ്റുള്ളവരുടെ ഭക്ഷണവും വെള്ളവും ഞാൻ തട്ടിയെടുക്കുകയാണോ ചെയ്തത്? ഉടുവസ്ത്രത്തിന് മറ്റു വസ്ത്രമില്ലാത്ത എത്രപേർ ഞാൻ നൽകിയ വസ്ത്രംകൊണ്ട് നഗ്നത മറച്ചിട്ടുണ്ട്? അതോ അവർക്കുള്ള വസ്ത്രംകൂടി പിച്ചിച്ചീന്തുകയാണോ ഞാൻ ചെയ്തത്? എത്ര ജയിൽവാസികളും രോഗികളും ഏകാന്തത അനുഭവിക്കുന്നവരും എന്റെ സാമീപ്യത്തിൽ ആശ്വാസം കണ്ടെത്തിയിട്ടുണ്ട്. അതോ ഇവന്റെയൊക്കെ പ്രവൃത്തിയുടെ ഫലമാണിതെന്ന് പറഞ്ഞ് അവരെ കൂടുതൽ വേദനിപ്പിക്കുകയാണോ നാം ചെയ്തത്? ഒരു കണക്കെടുപ്പ് ഇപ്രകാരം നടത്തിയാൽ നമ്മളോരോരുത്തരും ക്രിസ്തുവിന്റെ

സാമ്രാജ്യത്തിൽ പ്രവേശിക്കാൻ യോഗ്യത ഉള്ളവരാണോ എന്ന് മന സ്സിലാക്കാൻ സാധിക്കും.

ക്രിസ്തുരാജന്റെ തിരുനാളിനായ് നാമൊരുങ്ങുമ്പോൾ, ഈ രാജാ വിന്റെ സാമ്രാജ്യത്തിലെ പ്രജകളായി തീരാനുള്ള യോഗ്യത നേടിയെ ടുക്കാനായി ജീവിതത്തിലാവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ ധൈര്യവും മനശ്ശക്തിയും നേടാനായി നമുക്ക് ശ്രമിക്കാം. ഓർക്കുക, അത്യാവശ്യത്തിനുമപ്പുറത്തുള്ള കഴിവുകളും സമ്പത്തും സൗകര്യ ങ്ങളും അപരന്റെ അവകാശമാണ്. അവരുടെ അവകാശം അവർക്ക് കൊടുത്തുകൊണ്ട് സ്വർഗസാമ്രാജ്യത്തിലേക്കുള്ള പ്രവേശനപാസ് നമുക്ക് കരസ്ഥമാക്കാം. അതിനായി സർവ്വേശ്വരൻ നമ്മെ അനുഗ്രഹി ക്കട്ടെ.

## ജനറൽ വിസിറ്റ്



സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി വിൻചെൻസ ജെറോസ സന്ന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സിസ്റ്റർ അന്നാമരിയ കാലിക്കറ്റ് പ്രോവിൻസ് സന്ദർശിക്കാനെത്തിയപ്പോൾ ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കലിനോടും സിസ്റ്റർ മേഴ്സി വർഗ്ഗീസിനോടും ബിഷപ്സ് ഹൗസിലെ വൈദികരോടുമൊപ്പം

## സർക്കുലർ

# വിശ്വാസവർഷ സമാപനം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കോഴിക്കോട്, താമരശ്ശേരി, ബത്തേരി രൂപതാദ്ധ്യക്ഷന്മാരായ ഞങ്ങൾ നിങ്ങളെ സ്നേഹത്തോടെ അഭിവാദനം ചെയ്യുന്നു. വിശ്വാസവർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് 2013 നവംബർ 24-ാം തീയതി കോഴിക്കോട് വച്ച് നടത്തുന്ന വിശ്വാസവർഷ സംയുക്ത സമാപനത്തെക്കുറിച്ചാണ് ഞങ്ങളൊരുമിച്ച് നിങ്ങൾക്കെഴുതുന്നത്.

വിശ്വാസവർഷം പ്രഖ്യാപിച്ചത് ബനഡിക്ട് പതിനാറാമൻ പാപ്പയാണല്ലോ. ഈ വിശ്വാസവർഷത്തിൽ സഭയ്ക്കു ലഭിച്ച ഏറ്റവും വലിയ സമ്മാനമായ ഫ്രാൻസിസ് മാർപ്പാപ്പ തീഷ്ണതയോടെ ഈ വിശ്വാസവർഷത്തെ സമാപനത്തിലേയ്ക്കു നയിക്കുകയാണ്. ബനഡിക്ട് മാർപ്പാപ്പയുടെ വിശ്വാസത്തിന്റെ കവാടം (Porta Fidei) എന്ന അപ്പസ്തോലിക തിരുവെഴുത്തും ഫ്രാൻസിസ് പാപ്പയുടെ വിശ്വാസത്തിന്റെ വെളിച്ചം (Luman Fidei) എന്ന ചാക്രിയലേഖനവും ഇതിനോടകം നമ്മുടെ പഠനത്തിനും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും വിഷയമായിട്ടുണ്ടല്ലോ. രണ്ട് മാർപ്പാപ്പമാരും വിശ്വാസത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചും വിശ്വാസസാക്ഷ്യം നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രത്യേകം എടുത്തുപറയുന്നുണ്ട്. ദൈവത്തിന്റെ ദാനമായ വിശ്വാസം അനുദിനജീവിത സാഹചര്യങ്ങളിൽ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാമെന്ന് ഓരോ വിശ്വാസിയും വ്യക്തിപരമായി കണ്ടെത്തുമ്പോഴാണ് വിശ്വാസവർഷാചരണം ഫലദായകമായി മാറുന്നത്.

വിശ്വാസം സഭാത്മകമാണ് എന്ന് 'വിശ്വാസത്തിന്റെ വെളിച്ചം' എന്ന ചാക്രികലേഖനത്തിൽ മാർപ്പാപ്പ നമ്മെ പഠിപ്പിക്കുന്നു. സഭയുമായുള്ള കൂട്ടായ്മയിലാണ് വിശ്വാസം ഉത്ഭവിക്കുന്നത്. സഭയിൽ നിവസിക്കുന്ന പരിശുദ്ധാത്മാവാണ് വിശ്വാസതീർത്ഥാടനത്തിൽ നമ്മെ നയിക്കുന്നത്. അതുകൊണ്ടാണ് ക്രൈസ്തവ വിശ്വാസവീക്ഷണത്തിന് മനുഷ്യവർഗ്ഗത്തിന്റെ പൊതുജീവിതത്തിനുവേണ്ടി എണ്ണമറ്റ നന്മകൾ നൽകാൻ കഴിഞ്ഞിട്ടുള്ളത്. ദൈവഭയമുള്ള സമൂഹം തിന്മകളെ ദൂരെ നിർത്തുന്നു. എന്നാൽ വിശ്വാസം ദുർബലമാകുമ്പോൾ മനുഷ്യജീവിതത്തിന്റെ അടിസ്ഥാനങ്ങളും ദുർബലമാകാനുള്ള അപകടസാധ്യതയുണ്ട് എന്നും മാർപ്പാപ്പയുടെ ചാക്രിയലേഖനം ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ ജീവിതങ്ങളിൽനിന്ന് ദൈവവിശ്വാസം മാറ്റിക്കളഞ്ഞാൽ പരസ്പര വിശ്വാസം ദുർബലമാകും. ഇത്തരം ജീവിത സാഹചര്യങ്ങളിൽ

വിശ്വാസ വെളിച്ചം ഉജ്ജ്വലിപ്പിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ലോകത്തിന്റെ ദീപമായും ഭൂമിയുടെ ഉപ്പായും ക്രിസ്തുശിഷ്യൻ മാറുമ്പോൾ നമ്മൾ ജീവിക്കുന്ന സമൂഹവും പ്രകാശപൂർണ്ണമാകും. അതുകൊണ്ട് യേശുവിനും സുവിശേഷത്തിനും സാക്ഷ്യം നൽകാനുള്ള നമ്മുടെ കടമയെ നമുക്കു വിസ്മരിക്കാതിരിക്കാം. ഈശോ പറയുന്നു: "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും" (മത്താ. 10: 32,33).

2013 നവംബർ 24-ാം തീയതി ഞായറാഴ്ചയാണ് ആഗോളസഭയിൽ വിശ്വാസവർഷ സമാപനം. അന്നു ഉച്ചകഴിഞ്ഞ് കോഴിക്കോടു വച്ച് നടക്കുന്ന വിശ്വാസ പ്രഘോഷണ റാലിയിലും പൊതുസമ്മേളനത്തിലും കോഴിക്കോട്, താമരശ്ശേരി, ബത്തേരി രൂപതകളിലെ എല്ലാ ഇടവകകളിൽ നിന്നും സജീവമായ പങ്കാളിത്തം ഉണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ദൈവം നമുക്കു യേശുവിലൂടെയും സഭയിലൂടെയും നൽകിയ അനുഗ്രഹങ്ങൾക്കു നന്ദി പറയാനും, സമൂഹത്തിനുമുമ്പിൽ അതു സാക്ഷ്യപ്പെടുത്താനുമുള്ള അവസരമായി ഈ വിശ്വാസവർഷ സമാപനാഘോഷങ്ങളെ നമുക്കു സ്വീകരിക്കാം. അന്നേദിവസം ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിച്ച് വൈകുന്നേരം 6 മണിക്ക് അവസാനിക്കത്തക്കരീതിയിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. ബഹു. വികാരിയച്ചന്മാരും സിസ്റ്റേഴ്സും പാരിഷ് കൗൺസിൽ അംഗങ്ങളും ഇക്കാര്യത്തിൽ താല്പര്യമെടുത്ത് ഈ സംഗമത്തെ വിജയിപ്പിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. നവംബർ 3-ാം തീയതി ഞായറാഴ്ച ഈ ആവശ്യത്തിലേയ്ക്ക് പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് രൂപതാകേന്ദ്രത്തിൽ ഏല്പിക്കണമെന്ന് അറിയിക്കുന്നു. പരിപാടിയുടെ വിശദവിവരങ്ങൾ യഥാസമയം അറിയിക്കുന്നതാണ്.

നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുന്നു; സമൃദ്ധമായ ദൈവാനുഗ്രഹം നേരുന്നു.

**റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലയക്കൽ**
കോഴിക്കോട് രൂപത മെത്രാൻ
**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപത മെത്രാൻ
**ജോസഫ് മാർ തോമസ്**
ബത്തേരി രൂപത മെത്രാൻ

ഈ സർക്കുലർ ഒക്ടോബർ 27-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.




# സെമിനാർ ഓൺ ലൂമൻ ഫിദേയി

ഒക്ടോബർ 19ന് രൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കുമായി മാർപാപ്പയുടെ ചാക്രിക ലേഖനം ലൂമൻ ഫിദേയിയെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. അസംപ്ഷൻ സന്ന്യാസിനികളുടെ പ്രൊവിൻഷ്യലും പ്രസിദ്ധ ബൈബിൾ പണ്ഡിതയും ദൈവശാസ്ത്രജ്ഞയുമായ സി. രേഖ ചേന്നാട്ട് ആണ് ക്ലാസ്സുകൾ നയിച്ചത്. യേശുവിന്റെ ശിഷ്യത്വം ആഘോഷിക്കുവാനും ജീവിക്കുവാനും വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിന്റെയും വി. പൗലോസിന്റെ ജീവിത സാക്ഷ്യത്തിന്റെയും വെളിച്ചത്തിൽ സിസ്റ്റർ ആഹ്വാനം ചെയ്തു. സ്ത്രീകളുടെ സ്വത്വം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ബോധവാന്മാരാകാനും സമസ്ത സുന്ദരമായ സമൂഹത്തെ സ്വപ്നം കാണുവാനും





സിസ്റ്റർ സദസ്സിനോട് ആവശ്യപ്പെട്ടു. മുന്നൂറിലധികം സന്യാസിനികളും വൈദികരും ഉൾക്കൊണ്ട സദസ്സ് ഹർഷാരവത്തോടെയാണ് സി. രേഖ യുടെ ചിന്തകളെ സ്വാഗതം ചെയ്തത്. അഭിവന്ദ്യ പിതാവ് സ്വാഗതപ്ര സംഗവും മോൺ. തോമസ് പനക്കൽ നന്ദിയും പറഞ്ഞു. ഫാ. അലോ ഷ്യസ് കുളങ്ങര സെമിനാർഹാളും പങ്കെടുത്തവർക്ക് ഭക്ഷണവും ഒരു ക്കി.



# കോഴിക്കോട് മേഖല മാതൃവേദി സമ്മേളനം

കോഴിക്കോട് മേഖലാ മാതൃസംഘടനയുടെ യോഗം സെപ്തംബർ 28ന് കോഴിക്കോട് സെന്റ് ജോസഫ്സ് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. നൂറ്റിപത്ത് അമ്മമാർ യോഗത്തിൽ പങ്കെടുത്തു. കത്തീഡ്രൽ വികാരി മോൺ. വിൻസെന്റ് അറയ്ക്കൽ നിലവിളക്ക് കൊളുത്തി യോഗം ഉദ്ഘാടനം ചെയ്തു. ആഴമേറിയ വിശ്വാസവും സഭയോടുള്ള പ്രതിബദ്ധതയും സ്നേഹവും കൊണ്ട് നിറഞ്ഞവരായിരിക്കുവാൻ അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു.

ഫ്രാൻസിസ് പാപ്പായുടെ ചാക്രിക ലേഖനമായിരുന്നു മുഖ്യപ്രഭാഷണ വിഷയം. റവ. ഡോ. അലോഷ്യസ് കുളങ്ങരയുടെ മുഖ്യപ്രഭാഷണം ഏറ്റവും താൽപര്യത്തോടെയാണ് അമ്മമാർ സ്വീകരിച്ചത്. തുടർന്ന് രൂപത ഡയറക്ടർ ഫാ. മാത്യു അടാട്ട്, മേഖലാ ഡയറക്ടർ ഫാ. ജേക്കബ് കുളങ്ങര എന്നിവർ ആശംസകൾ അർപ്പിച്ചു. മേഖലാ പ്രസിഡണ്ട് ശ്രീമതി ആലീസ് ലൂയിസ് സ്വാഗതവും മേഖലാ സെക്രട്ടറി ശ്രീമതി ഗ്ലാഡിസ് ജോർജ് നന്ദിയും പറഞ്ഞു. ഉച്ചഭക്ഷണത്തിനുശേഷമുള്ള സമ്മേളനത്തിൽ പൊതുകാര്യങ്ങൾ ചർച്ച ചെയ്തു. മേഖലയിലെ ഇടവകകളിൽ മാതൃവേദി ഇല്ലാത്ത ഇടങ്ങളിൽ പുതിയ യൂണിറ്റുകൾ തുടങ്ങാനും ഇടവക വികാരിമായുമായി സംസാരിക്കുവാനും തീരുമാനിച്ചു. നാലു മക്കളും അതിൽ കൂടുതലുമുള്ള അമ്മമാർക്ക് ക്രിസ്തുമസ്സിന് സമ്മാനങ്ങൾ നൽകി ആദരിക്കാൻ യോഗം തീരുമാനിച്ചു. കോഴിക്കോട് രൂപതയിലെ എല്ലാ അമ്മമാരുടേയും സമ്മേളനം ഡിസംബർ 28ന് വിളിച്ചുചേർക്കാൻ തീരുമാനിച്ചു. മേഖലാ യോഗത്തിന് എല്ലാ ഒരുക്കങ്ങളും ചെയ്തുതന്ന ഡോ. അലോഷ്യസ് കുളങ്ങരയ്ക്കും യോഗം സംഘടിപ്പിച്ച മേഖല ഡയറക്ടർ ഫാ. ജേക്കബ് കുളങ്ങരക്കും നന്ദി അറിയിക്കുന്നു. ഫാ. ജേക്കബ് കുളങ്ങരയുടെ നേതൃത്വത്തിൽ ആനിമേറ്റർ സി. പൂർണിമ എ.സി.നയിച്ച ദിവ്യകാരുണ്യ ആരാധനയോടെ യോഗം പിരിഞ്ഞു.

# മാധ്യമദിനസന്ദേശം - 2013

## 47-ാം ലോകസമ്പർക്കദിന സന്ദേശത്തോടനുബന്ധിച്ച്

### മുൻ പാപ്പാ ബെനഡിക്റ്റ് 16-ാമൻ നല്കിയ സന്ദേശം

### മാധ്യമദിനം 17 നവംബർ 2013

***സാമൂഹിക സമ്പർക്കമാധ്യമങ്ങൾ: സത്യത്തിന്റെയും വിശ്വാസത്തിന്റെയും വാതിലുകൾ; സുവിശേഷവത്കരണത്തിനുള്ള പുതിയ ഇടങ്ങൾ***

പ്രിയ സഹോദരി സഹോദരന്മാരേ,

**ആമുഖം : ഇന്നിന്റെ നവമാധ്യമരംഗം**

2013-ലെ ലോകസമ്പർക്കദിനം സമീപസ്ഥമായിരിക്കുമ്പോൾ ജനങ്ങൾ ഇന്ന് പരസ്പരം ആശയവിനിമയം നടത്തുന്നതിന് കൂടുതൽ ഉപയോഗിക്കുന്ന സുപ്രധാന യാഥാർത്ഥ്യത്തെക്കുറിച്ച് - ഡിജിറ്റൽ സോഷ്യൽ നെറ്റ്വർക്കുകളെക്കുറിച്ച് - ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവ പുതിയൊരു “ കമ്പോളം, തുറന്ന ഒരു സമ്മേളനസ്ഥലം, സൃഷ്ടിക്കാൻ സഹായിക്കുന്നു. അവിടെ ആളുകൾ ആശയങ്ങളും വിവരങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നു. അവിടെ പുതിയ ബന്ധങ്ങളും സമൂഹത്തിന്റെ പുതിയ രൂപങ്ങളും ഉണ്ടാകാൻ ഇടയാകുന്നു.”

**1. കൂട്ടായ്മയ്ക്കു വഴിയൊരുക്കുന്ന ഡിജിറ്റൽ മാധ്യമശ്യംഖല**

വിവേകത്തോടും സന്തുലിതത്വത്തോടുംകൂടെ ഈ രംഗത്ത് വ്യാപരിച്ചാൽ അവ സംവാദത്തിന്റെയും ചർച്ചയുടെയും പുതിയ രൂപങ്ങളെ പരിപോഷിപ്പിക്കും. സ്വകാര്യതയോടുള്ള ആദരവോടും പരസ്പരബഹുമാനത്തോടും ഉത്തരവാദിത്വത്തോടും സത്യസന്ധതയോടുംകൂടെ നടത്തിയാൽ വ്യക്തികൾ തമ്മിലുള്ള ഐക്യം വീണ്ടും ശക്തിപ്പെടുത്താൻ അവയ്ക്കു കഴിയും, മനുഷ്യകുടുംബത്തിന്റെ സമന്വയത്തെ കാര്യക്ഷമമായി വളർത്താനും സാധിക്കും. വിവരങ്ങളുടെ പരസ്പര കൈമാറ്റം യഥാർത്ഥ ആശയവിനിമയമായിത്തീരും; പക്വതനേടിയ സൗഹൃദബന്ധങ്ങളുടെ കണ്ണികളാകും. ബന്ധങ്ങൾ കൂട്ടായ്മയെ സുഗ

മമാക്കും. നെറ്റുവർക്കുകൾ മഹത്തായ ഈ സാധ്യത സാക്ഷാത്കരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവയിൽ ഏർപ്പെടുന്ന ആളുകൾ സത്യസന്ധരായിരിക്കാൻ പരിശ്രമിക്കണം, എന്തെന്നാൽ, ഈ സൈബർ സ്പെയ്സുകളിൽ ആശയങ്ങളും വിവരങ്ങളും മാത്രമല്ല, ആത്യന്തികമായി നമ്മെത്തന്നെയും പങ്കുവയ്ക്കുന്നുണ്ട്.

സാമൂഹിക നെറ്റുവർക്കുകളുടെ പുരോഗതി ആഴമാർന്ന സമർപ്പണം ആവശ്യപ്പെടുന്നുണ്ട്: കാരണം വിനോദങ്ങളിൽ ഏർപ്പെടാനും ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും മാത്രമല്ല, ബന്ധങ്ങൾ പടുത്തുയർത്താനും സൗഹൃദങ്ങൾ സ്ഥാപിക്കാനും ഇതിലൂടെ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. എന്നാൽ ബൗദ്ധിക പ്രചോദനങ്ങൾ നേടാനും അറിവും സാങ്കേതികവിദ്യയും പങ്കുവയ്ക്കാനുംകൂടി ഇതിലൂടെ ഇടയാകുന്നുണ്ട്. നെറ്റുവർക്കുകൾ കൂടുതൽ കൂടുതൽ സമൂഹഘടനയുടെ ഭാഗമായിത്തീരുകയാണ്. ഈ മൗലികാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ അവ ആളുകളെ ഒന്നിപ്പിക്കുകയാണ്. അങ്ങനെ സാമൂഹിക നെറ്റുവർക്കുകൾ മനുഷ്യഹൃദയങ്ങളിൽ വേരുറച്ച അഭിലാഷങ്ങളാൽ പോഷിപ്പിക്കപ്പെടുന്നു.

## 2. വെല്ലുവിളികൾ ഉയർത്തുന്ന വിനിമയശൃംഖലമേഖല

സാമൂഹിക നെറ്റുവർക്കുകളുടെ നവമായ സംസ്കാരവും, സമ്പർക്കത്തിന്റെ മാർഗങ്ങളിലും ശൈലികളിലുമുണ്ടാകുന്ന മാറ്റങ്ങളും സത്യത്തെയും മൂല്യങ്ങളെയുംകുറിച്ചു സംസാരിക്കാൻ ആഗ്രഹിക്കുന്നവരുടെ മുമ്പിൽ കാർക്കശ്യമുള്ള വെല്ലുവിളികൾ ഉണർത്തുന്നുണ്ട്. മിക്കപ്പോഴും, മറ്റു സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ കാര്യത്തിലെന്നപോലെ, ആശയപ്രകാശനത്തിന്റെ വിവിധ രൂപങ്ങളുടെ പ്രാധാന്യവും കാര്യക്ഷമതയും അവയുടെ ആന്തരികപ്രാധാന്യത്താലും മൂല്യത്താലുമല്ല പിന്നെയോ പൊതുജനത്തെ ആകർഷിക്കുകയെന്ന അവയുടെ ലക്ഷ്യത്താൽ ഇന്നു പ്രചോദിപ്പിക്കപ്പെടുന്നതായി കാണപ്പെടുന്നു. പൊതുജനപ്രീതിക്കുവേണ്ടിയുള്ള ശ്രമം മിക്കപ്പോഴും പ്രശസ്തിക്കുവേണ്ടിയുള്ളതാണ്, പ്രേരിപ്പിക്കലിന്റെ അടവുകളാണ്. വിചിന്തനത്തിന്റെ തത്ത്വശാസ്ത്രമല്ല അതിനോടു ബന്ധപ്പെട്ടിരിക്കുന്നത്. ചിലപ്പോൾ അമിതമായ വിവരദാനംമൂലം യുക്തിയുടെ മൃദുലശബ്ദം കീഴടക്കപ്പെടുന്നു. കൂടുതൽ ആകർഷകവും, പ്രേരണാത്മകവുമായ, വിധത്തിൽ ആശയപ്രകാശനം നടത്തുന്നവരെ ശ്രദ്ധിക്കുകയും യുക്തിയുടെ

ശബ്ദം ശ്രദ്ധിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, സംഭാഷണം, യുക്തിപൂർവകമായ സംവാദം, താർക്കികമായ വാദപ്രതിവാദം എന്നിവയെപ്പറ്റി ബോധമുള്ളവർക്ക് സമർപ്പണബുദ്ധിയുണ്ടായിരിക്കണമെന്ന് സാമൂഹികസമ്പർക്കമാധ്യമങ്ങൾ ആവശ്യപ്പെടുന്നു. സമ്പർക്കപ്രക്രിയയിൽ വ്യാപരിക്കുന്നവരുടെ ശ്രേഷ്ഠമായ ആഗ്രഹങ്ങൾക്കുയോജിച്ച സംഭാഷണരൂപങ്ങളും പ്രകാശനവും വളർത്തുവാൻ ആഗ്രഹിക്കുന്ന ജനങ്ങളുണ്ട്. അവരെ സംബന്ധിച്ചും സമർപ്പണബുദ്ധിയുണ്ടാകണം.

നമ്മുടെ ആശയങ്ങളിൽനിന്നു വ്യത്യസ്തമായ ആശയങ്ങളുള്ളവരുമായി സംഭാഷണം നടത്തുകയും അവരെ ഗൗരവപൂർവം പരിഗണിക്കുകയും ചെയ്യുമ്പോഴും സംഭാഷണവും വാദപ്രതിവാദവും തഴച്ചുവളരും. "സാംസ്കാരിക വൈവിധ്യമെന്ന യാഥാർത്ഥ്യമുണ്ട്. അതുകൊണ്ട് മറ്റുള്ളവരുടെ സംസ്കാരത്തിന്റെ അസ്തിത്വത്തെ ആളുകൾ അംഗീകരിക്കണം. മാത്രമല്ല, അതുവഴി സമ്പന്നരാകാൻ ആഗ്രഹിക്കുകയും വേണം. നല്ലതും സത്യസന്ധവും മനോഹരവുമായി തങ്ങൾക്കുള്ളതെന്തും നല്കുവാൻ ആഗ്രഹിക്കുകയും വേണം. " (സാംസ്കാരിക ലോകസമ്മേളനത്തിൽ നടത്തിയ പ്രഭാഷണം, ബേലെം, ലിസ്ബൺ, 12, മേയ് 2010).

സാമൂഹിക നെറ്റുവർക്ക് നേരിടുന്ന വെല്ലുവിളി ഇതാണ്: എല്ലാവരെയും യഥാർത്ഥത്തിൽ ഉൾപ്പെടുത്താൻ എങ്ങനെ കഴിയും? വിശ്വാസികൾ എല്ലാവരും പങ്കുചേരുന്നതിൽനിന്നുള്ള ഗുണം എങ്ങനെയുണ്ടാകും? യേശുവിന്റെ സന്ദേശത്തിലും അവിടുത്തെ പ്രബോധനം പരിപോഷിപ്പിക്കുന്ന മനുഷ്യമഹത്ത്വമൂല്യങ്ങളിലും പങ്കുചേരാൻ ആഗ്രഹിക്കുന്നവരാണ് വിശ്വാസികൾ. ഡിജിറ്റൽ ലോകത്തിലും സദ്വാർത്ത അറിയിച്ചില്ലെങ്കിൽ അസ്തിത്വാത്മകമായ ആ സ്പെയ്സ് സുപ്രധാനമായി കരുതുന്ന അനേകർക്ക് സദ്വാർത്തയുടെ അനുഭവമുണ്ടാകുകയില്ലെന്ന ബോധം വിശ്വാസികളിൽ വർദ്ധിച്ചുവരുന്നു.

## 3. യുവമനസ്സുകളുടെ ഊർജ്ജ്വസലമായ ചാലകശക്തി

ഡിജിറ്റൽ സാഹചര്യം കേവലം ഒരു സമാന്തരസാഹചര്യമോ കാല്പനീയ സാഹചര്യമോ അല്ല. പിന്നെയോ അനേകരുടെ പ്രത്യേകിച്ച് ചെറുപ്പക്കാരുടെ, അനുദിനാനുഭവത്തിന്റെ ഭാഗമാണ്. മാനുഷിക പരസ്പര പ്രവർത്തനത്തിന്റെ ഫലമാണ് സാമൂഹിക നെറ്റുവർക്കുകൾ.

എന്നാൽ, അവ ബന്ധങ്ങളെ സൃഷ്ടിക്കുന്ന സമ്പർക്കത്തിന്റെ സ്വയംചാലകത്വത്തിന്റെ പുന:സൃഷ്ടി നടത്തുന്നുണ്ട്. അതുകൊണ്ട് ഈ സാഹചര്യം ഗൗരവപൂർവം പരിഗണിക്കണം. ശ്രദ്ധേയമായ സാന്നി ധ്യത്തിന്റെ മുൻവ്യവസ്ഥയാണത്.

പുതിയ ഭാഷ ഉപയോഗിക്കാൻ വേണ്ട കഴിവുണ്ടായിരിക്കണം. ആനുകാലികമായിരിക്കാൻവേണ്ടി മാത്രമല്ല ആ കഴിവ് നേടേണ്ടത്. പിന്നെയോ എല്ലാവരുടെയും ഹൃദയങ്ങളിൽ എത്തിച്ചേരാൻ കഴിയുന്ന പ്രകാശനരൂപങ്ങൾ കണ്ടെത്താൻ സുവിശേഷത്തിന്റെ അനന്ത സമ്പ ന്നതയ്ക്കു സാധിക്കാൻ വേണ്ടിയാണ്. ഡിജിറ്റൽ സാഹചര്യത്തിൽ മിക്കപ്പോഴും ലിഖിതവചനത്തോടൊപ്പം പ്രതീകങ്ങളും ശബ്ദങ്ങളും ഉണ്ടായിരിക്കും. ദൈവസ്നേഹമെന്ന രഹസ്യം കണ്ടുമുട്ടാൻ നമ്മൾ ക്ഷണിക്കാൻ ആഗ്രഹിക്കുന്നവരുടെ സങ്കല്പശക്തിയും ഹൃദയ സ്പർശന സാധ്യതയും ഉള്ളതായിരിക്കണം കാര്യക്ഷമമായ ആശയ വിനിമയം. കൂടാതെ, ക്രൈസ്തവപാരമ്പര്യം എപ്പോഴും അടയാള ങ്ങൾകൊണ്ടും പ്രതീകങ്ങൾകൊണ്ടും സമ്പന്നമാണെന്നു നമുക്ക് അറി യാം. ഉദാഹരണങ്ങളായി, കുരിശിന്റെ അടയാളം, കന്യകാമറിയത്തിന്റെ ഐക്കണുകളും തിരുസ്വരൂപങ്ങളും, ക്രിസ്മസ് പുൽക്കൂട്, പള്ളിക ളിലെ ജനലുകളുടെ കതകുകളിലുള്ള ചിത്രങ്ങൾ എന്നിവയെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു. മനുഷ്യവംശത്തിനുള്ള കലാപാരമ്പര്യത്തിന്റെ ശ്രദ്ധേയമായ ഭാഗം വിശ്വാസസത്യങ്ങൾ പ്രകാശിപ്പിക്കാൻ പരിശ്രമിച്ച കലാകാരന്മാരാലും സംഗീതജ്ഞന്മാരാലും സൃഷ്ടിക്കപ്പെട്ടതാണ്.

## 4. സുവിശേഷസമാനമായി ചിന്തിക്കാനും ജീവിക്കാനും

സാമൂഹിക നെറ്റുവർക്കുകളിൽ വിശ്വാസികൾ തങ്ങളുടെ പ്രത്യാ ശയുടെയും സന്തോഷത്തിന്റെയും അഗാധമായ ഉറവിടങ്ങളിൽ പങ്കു പറ്റിക്കൊണ്ട് തങ്ങളുടെ ആത്മാർത്ഥത പ്രകടിപ്പിക്കുന്നു. യേശുക്രി സ്തുവിൽ വെളിവാക്കപ്പെട്ട കാരുണ്യവാനും സ്നേഹപൂർണനുമായ ദൈവത്തിലുള്ള വിശ്വാസമാണ് ആ ഉറവിടം. ഈ പങ്കുചേരൽ അവ രുടെ വിശ്വാസത്തിന്റെ പരസ്യമായ പ്രകടനത്തിൽ മാത്രമല്ല ഉള്ളട ങ്ങിയിരിക്കുന്നത്. പിന്നെയോ, അവരുടെ സാക്ഷ്യത്തിലും അടങ്ങിയി രിക്കുന്നുണ്ട്. അവർ ആശയവിനിമയം ചെയ്യുന്ന രീതിയിലും "സവി ശേഷമായി പറയപ്പെടുന്നില്ലെങ്കിലും അവരുടെ തിരഞ്ഞെടുപ്പുകളിലും മുൻഗണനകളിലും വിധിത്തീർപ്പുകളിലും" (2011-ലെ ലോകസമ്പർക്ക

ദിനസന്ദേശം) അത് അടങ്ങിയിട്ടുണ്ട്. മനുഷ്യാസ്തിത്വത്തിന്റെ സത്യത്തിനും അർത്ഥത്തിനുംവേണ്ടിയുള്ള അന്വേഷണത്തിൽ മുന്നേറുമ്പോൾ ഉണ്ടാകുന്ന അവരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ക്ഷമയോടും ആദരവോടുംകൂടി ഉത്തരം പറയാൻ സ്വയം സമർപ്പിക്കാനുള്ള സന്മനസ്സുണ്ടാകണം. മുൻപറഞ്ഞ സാക്ഷ്യം നല്കുന്നതിന്റെ ശ്രദ്ധേയമായ രീതിയായിരിക്കും അത്. വിശ്വാസത്തെയും അന്തർജ്ഞാനത്തെയും സംബന്ധിച്ച സാമൂഹിക നെറ്റുവർക്കിൽ വളരുന്ന സംഭാഷണം പൊതുവാദപ്രതിവാദത്തിലും സാമൂഹികജീവിതത്തിലും മതത്തിനുള്ള പ്രാധാന്യവും പ്രസക്തിയും സ്ഥിരീകരിക്കുന്നു.

## 5. വിജ്ഞാനതരംഗവും വചനത്തിന്റെ പ്രകാശവും

തുറന്ന ഹൃദയത്തോടെ വിശ്വാസദാനം സ്വീകരിച്ചവരെ സംബന്ധിച്ചിടത്തോളം സ്നേഹം, സത്യം, ജീവിതത്തിന്റെ അർത്ഥം എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഏറ്റവും മൗലികമായ പ്രത്യുത്തരം യേശുക്രിസ്തു ആകുന്ന വ്യക്തിയിൽ കണ്ടെത്താം. പ്രസ്തുത ചോദ്യങ്ങൾ സാമൂഹിക നെറ്റുവർക്കുകളിലും ഉള്ളവയാണ്. ഡിജിറ്റൽ മണ്ഡലത്തിൽ കണ്ടുമുട്ടുന്നവരുമായി വിശ്വാസം ആദരവോടെ, സന്ദർഭോചിതമായി, പങ്കുവയ്ക്കാൻ വിശ്വാസികൾ ആഗ്രഹിക്കുകയെന്നത് സ്വാഭാവികമാണ്. എന്നാലും ആത്യന്തികമായി സുവിശേഷം പങ്കുവയ്ക്കാനുള്ള നമ്മുടെ പരിശ്രമങ്ങൾ നല്ല ഫലം ഉളവാക്കുന്നുണ്ടെങ്കിൽ എപ്പോഴും അത് ഹൃദയങ്ങളെ സ്പർശിക്കാൻ ദൈവവചനത്തിനു കഴിവുള്ളതുകൊണ്ടാണ്. നമ്മുടെ ഏതു പരിശ്രമത്തിനും മുമ്പേ ദൈവവചനത്തിൽ അങ്ങനെ ചെയ്യാൻ കഴിയും. ദൈവിക പ്രവൃത്തിയുടെ ശക്തിയിലുള്ള വിശ്വാസം എപ്പോഴും മാനുഷിക മാർഗങ്ങളിലുള്ള വിശ്വാസത്തെക്കാൾ വലുതായിരിക്കണം. ഡിജിറ്റൽ സാഹചര്യത്തിൽ ചൂടുപിടിച്ച, വിഭജനപരമായ ശബ്ദങ്ങളുണ്ടാവുക എളുപ്പമാണ്. ചിലപ്പോൾ വൈകാരികത പ്രബലപ്പെടുകയും ചെയ്യും. അതുകൊണ്ട്, അവിടെയും ശ്രദ്ധാപൂർവകമായ തിരിച്ചറിയലുണ്ടാകണം.

ഇതിനെ സംബന്ധിച്ചിടത്തോളം നാം ഒരു വസ്തുത ഓർമ്മിക്കണം. അതായത്, ഏലിയാ പ്രവാചകൻ ദൈവത്തിന്റെ ശബ്ദം തിരിച്ചറിഞ്ഞത്, കൊടും കാറ്റിലല്ല, ഭൂകമ്പത്തിലോ അഗ്നി പ്രളയത്തിലോ അല്ല പിന്നെയോ " ശാന്തമായ ചെറിയ ശബ്ദത്തിലാണ്" (1 രാജാ 19:11 –12). സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അർത്ഥവും സത്യവും

കണ്ടെത്താനുമുള്ള മനുഷ്യന്റെ മൗലികമായ ആഗ്രഹം, വാഴ്ത്തപ്പെട്ട കാർഡിനൽ ന്യൂമാൻ വിശ്വാസത്തിന്റെ "സൗമ്യപ്രകാശം" എന്നു വിളിച്ച വെളിച്ചത്തിലേക്ക് നമ്മുടെ സമകാലീനരെ തുറന്ന ഹൃദയമുള്ളവരായി നയിക്കുന്നുണ്ട് എന്ന വസ്തുതയിൽ നാം വിശ്വസിക്കണം. ഇപ്പറഞ്ഞ ആഗ്രഹം ദൈവം തന്നെ ഓരോ പുരുഷന്റെയും സ്ത്രീയുടെയും ഹൃദയത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ്.

## 6. മാനവപുരോഗതിയുടെ ദീപ്തമായ സാന്നിധ്യം

സാമൂഹിക നെറ്റുവർക്കുകൾ സുവിശേഷവത്കരണത്തിനുള്ള മാർഗമെന്നപോലെ മാനുഷിക വികസനത്തിനുള്ള ഘടകം കൂടിയാണ്. ഉദാഹരണമായി, ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ചില സാഹചര്യങ്ങളിൽ ക്രൈസ്തവർക്ക് തങ്ങൾ ഒറ്റപ്പെട്ടവരാണെന്നു തോന്നും. അവർക്ക് വിശ്വാസികളുടെ ലോകവ്യാപകമായ സമൂഹവുമായി യഥാർത്ഥ ബന്ധമുണ്ടെന്ന ബോധം പുന:സ്ഥാപിക്കാൻ സാമൂഹികനെറ്റുവർക്കിനു കഴിയും. ആധ്യാത്മികവും ആരാധനക്രമപരമായ ഉറവിടങ്ങളിൽ പങ്കുപറ്റുകയെന്നത് നെറ്റുവർക്കുകൾ സുഗമമാക്കുന്നു. ഒരേ വിശ്വാസമുള്ളവരോട് കൂടുതൽ അടുത്തുനിന്നു പ്രാർത്ഥിക്കുന്നുവെന്ന ബോധമുണ്ടാകാൻ അവ സഹായിക്കുന്നു.

വിശ്വാസത്തിൽനിന്ന് അകലെ നില്ക്കുന്നവരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ആത്മാർത്ഥമായി, പാരസ്പര്യത്തോടെ മറുപടി പറയുന്നതിൽ ഏർപ്പെടണം. ദൈവസാന്നിധ്യത്തിലുള്ള വിശ്വാസത്തെയും നമ്മുടെ പ്രായോഗികപരസ്നേഹത്തെയും പ്രാർത്ഥനകൊണ്ടും പരിചിന്തനംകൊണ്ടും വളർത്തണമെന്ന ചിന്തയിലേക്കു അതു നമ്മെ നയിക്കണം: "ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ് " (1 കോറി 13:1).

## 7. വിശ്വാസവെളിച്ചത്തിൽ വളർത്തുന്ന മാധ്യമങ്ങൾ

പ്രാർത്ഥിക്കാനും ധ്യാനിക്കാനും ദൈവവചനത്തിൽ പങ്കുചേരാനുള്ള അവസരങ്ങൾ നമ്മുടെ സമകാലികർക്കു നല്കുന്ന സാമൂഹിക നെറ്റുവർക്കുകൾ ഡിജിറ്റൽ ലോകത്തുണ്ട്. എന്നാൽ ഈ നെറ്റുവർക്കുകളെ വിശ്വാസത്തിന്റെ മറ്റു മാനങ്ങളിലേക്കും തുറക്കാവുന്നതാണ്. പലരും ഓൺലൈനുമായുള്ള പ്രാരംഭബന്ധത്തിന്റെ സഹായത്താൽ

നേരിട്ടുള്ള കണ്ടുമുട്ടലുകൾ, സമൂഹത്തിന്റെ അനുഭവങ്ങൾ, തീർത്ഥാടനങ്ങൾ - എന്നിവയുടെ പോലും പ്രാധാന്യം ഇന്നു കണ്ടെത്തുന്നുണ്ട്. ആ ഘടകങ്ങളെല്ലാം വിശ്വാസയാത്രയിൽ എപ്പോഴും പ്രാധാന്യമുള്ളവയാണ്.

ഡിജിറ്റൽ ലോകത്ത് സുവിശേഷം സന്നിഹിതമാക്കാനുള്ള നമ്മുടെ പരിശ്രമത്തിൽ പള്ളികൾ, ചാപ്പലുകൾ മുതലായ സ്ഥലങ്ങളിൽ പ്രാർത്ഥനയ്ക്കും ലിറ്റർജിപരമായ ആഘോഷങ്ങൾക്കും ഒന്നിച്ചുവരാൻ ആളുകളെ ക്ഷണിക്കാൻ കഴിയും. നമ്മുടെ വിശ്വാസത്തിന്റെ പ്രകടനത്തിലും സുവിശേഷസാക്ഷ്യം വഹിക്കലിലും സമന്വയമോ ഐക്യമോ ഇല്ലാതിരിക്കരുത്. നാം ജീവിക്കാൻ വിളിക്കപ്പെട്ട ഭൗതികമോ ഡിജിറ്റലോ ആയ ഏതു യാഥാർത്ഥ്യത്തിലും സമന്വയവും ഐക്യവും ഉണ്ടായിരിക്കണം. ഏതുവിധത്തിലായാലും നാം മറ്റുള്ളവർക്ക് സന്നിഹിതരായിരിക്കുമ്പോൾ ലോകത്തിന്റെ വിദൂരസ്ഥമായ അതിർത്തികൾവരെ ദൈവസ്നേഹം അറിയിക്കാൻ നമുക്കു കടമയുണ്ട്.

## ഉപസംഹാരം

ദൈവത്തിന്റെ ചൈതന്യം എല്ലായ്പ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കാനും നിങ്ങളെ പ്രകാശിപ്പിക്കാനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾ സുവിശേഷത്തിന്റെ യഥാർത്ഥ മുന്നോടികളും സാക്ഷികളും ആയിരിക്കാൻ നിങ്ങളെ എല്ലാവരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു. " നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15).

വത്തിക്കാനിൽനിന്ന് 24 ജനുവരി 2013, വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾ ദിവസം

**ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ**

(മാധ്യമദിനസന്ദേശം എല്ലാവർഷവും ജനുവരി 24-നാണ് പ്രസിദ്ധീകരിക്കുന്നത്. ഈ വർഷവും അതേ ദിവസം തന്നെയാണ് ഈ സന്ദേശം പുറത്തിറക്കിയത്. അന്ന് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പായാണ് സഭയുടെ പരമാധ്യക്ഷൻ എന്ന നിലയിൽ ഇതു തയ്യാറാക്കിയത്.)



# വിശ്വാസ ദീപ്തി-2013

**മലപ്പുറം ഫൊറോന വിശ്വാസവർഷ സമാപനാഘോഷം**

വിശ്വാസവർഷ സമാപനാഘോഷങ്ങളോടനുബന്ധിച്ച് മലപ്പുറം ഫൊറോന തലത്തിൽ ഒക്ടോബർ 12,13 തിയ്യതികളിൽ നടന്ന വിശ്വാസ ദീപ്തി യുവജന കൺവെൻഷൻ ''സ്നേഹത്താൽ പ്രവർത്തന നിരതമാകുന്ന വിശ്വാസം'' എന്ന വിഷയത്തെ ആസ്പദമാക്കി പ്രാർത്ഥനാ നിർഭരമായ ക്ലാസ്സുകളാലും ധ്യാനാത്മകമായ ചിന്തകളാലും സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും നവാനുഭവമായി. മലപ്പുറം, പാലക്കാട് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഫൊറോനയിലെ പതിനഞ്ച് ഇടവകകളിൽ നിന്നായി ഇരുനൂറിലധികം യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ കൺവെൻഷൻ എല്ലാ ഇടവകകളിൽ നിന്നുമുള്ള വൈദികരുടെയും സന്യസ്തരുടെയും സജീവസഹകരണത്താൽ ശ്രദ്ധേയമായിരുന്നു. മലപ്പുറം നഗരത്തിന്റെ ഹൃദയമധ്യത്തിൽ സ്ഥിതിചെയ്യുന്ന സെന്റ് ജെമ്മാസ് സ്കൂൾ അങ്കണത്തിൽ വെച്ചു നടന്ന ഈ യുവജന കൂട്ടായ്മ വിശ്വാസത്തിന്റെ ആഴമായ ചിന്തകളിലേക്ക് മലപ്പുറം ഫൊറോനയിലെ യുവതീ യുവാക്കളെ നയിച്ചു.

അഭിവന്ദ്യ രൂപതാ മെത്രാൻ വർഗീസ് ചക്കാലക്കൽ പിതാവിന്റെ അനുഗ്രഹാശിസുകളും രൂപത യൂത്ത് ഡയറക്ടർ ഫാ.ജിജു പള്ളിപറമ്പിലിന്റെയും ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ കാരക്കാട്ടിന്റെയും, ഫൊറോന യൂത്ത് ഡയറക്ടർ ഫാ.ഡെന്നി മോസസന്റെയും, സി.എൽ.സി. രൂപതാ ഡയറക്ടർ ഫാ.സൈമൺ പീറ്ററിന്റെയും, ഫാ.ജോർജ് തെനാടിക്കുളം, സി. കരുണ എന്നിവരുടെയും സജീവസാ

നിധ്യവും സഹകരണവും എടുത്തുപറയത്തക്ക ഘടകങ്ങളായിരുന്നു. അവരോടൊപ്പം ഒന്നുചേർന്ന് കൈപിടിച്ചു മുന്നേറുവാനായി എല്ലാ ഇടവകകളിൽ നിന്നുമുള്ള വൈദികരും സന്ന്യസ്തരും അത്മായ പ്രധിനിധികളും മുന്നോട്ടു വന്നപ്പോൾ ഇതൊരു കൂട്ടായ്മയുടെ അനുഭവമായി.

ഫാ.സൈമൺ പീറ്റർ നയിക്കുന്ന മ്യൂസിക് ബാൻഡായ 'C major' ഗ്രൂപ്പിന്റെ സംഗീത സാന്ദ്രമായ ഗാന ശുശ്രൂഷ കൺവെൻഷന്റെ പ്രത്യേകതയായിരുന്നു. ആത്മീയതയുടെ പുത്തനുണർവിലേക്ക് ഭക്തസാന്ദ്രമായ ഗാനങ്ങളാൽ 'C major' ഗ്രൂപ്പ് ഏവരേയും കൂട്ടികൊണ്ടുപോയി.

ക്രിസ്തുനാഥൻ നമുക്കായി കാണിച്ചു തന്ന സഹനത്തിന്റെയും എളിമയുടെയും പാതയിലേക്ക് യുവതീ യുവാക്കളെ കൈപിടിച്ചു നടത്തിയ ഫാ.ആന്റണി തമ്പിയുടെ ക്ലാസ്സ് ഏവർക്കും ഹൃദ്യമായ അനുഭവമായി. ലൗകികതയുടെ പൊള്ളത്തരങ്ങളെ വിട്ടെറിഞ്ഞ് യുവതീ യുവാക്കളെ ആത്മീയതയിലേക്ക് കൂടുതൽ അടുപ്പിക്കുവാൻ തമ്പിയച്ചന്റെ ക്ലാസിന് കഴിഞ്ഞു. ഈശോയോട് കൂടുതൽ ചേർന്ന് നിൽക്കുവാനായി ദിവ്യബലിയും യുവജനങ്ങൾക്കായി ഒരുക്കിയിരുന്നു.

ഏവരേയും പങ്കെടുപ്പിച്ചുകൊണ്ട് യുവജനങ്ങൾക്കായി ഒരുക്കിയ കുരിശിന്റെ വഴി നവ പാതയിലൂടെ യുവതീ യുവാക്കളെ കൈപിടിച്ചു നടത്തി. ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ ആരംഭിച്ച ദിവ്യകാരുണ്യ ആരാധന അതിമനോഹരമായ അനുഭവമായിരുന്നു. ഏഴ് അച്ചന്മാരുടെ നേതൃത്വത്തിൽ കുമ്പസാരിക്കാനുള്ള അവസരവും യുവജനങ്ങൾക്കായി ഒരുക്കിയിരുന്നു. വിവിധ ഇടവകക





ളിൽ നിന്നുള്ള യുവതീ യുവാക്കൾ ചേർന്നൊരുക്കിയ കലാസന്ധ്യ അതി മനോഹരമായിരുന്നു.

പ്രാർത്ഥനയോടെ ആരംഭിച്ച കൺവെൻഷന്റെ രണ്ടാം ദിവസത്തിൽ യുവതീ യുവാക്കൾക്കായി ഒരുക്കിയ യോഗ ക്ലാസ് പലർക്കും പുത്തൻ അനുഭവമായി. അതിനു ശേഷം നടന്ന യൂക്കാറ്റ് ക്വിസ് പ്രോഗ്രാം വിശ്വാസത്തെകുറിച്ചും സഭയെ കുറിച്ചുമുള്ള കൂടുതൽ അറിവുകൾ നേടുവാനുള്ള അവസരമായി ഏവർക്കും.

KCYM രൂപതാ ഡയറക്ടർ ഫാ. ബാബുപോളിന്റെ ക്ലാസ് യുവതീ യുവാക്കളെ വളരെയധികം ആകർഷിച്ചു. കോഴിക്കോട് രൂപതാ മെത്രാൻ വർഗീസ് ചക്കാലക്കൽ പിതാവിനെ പേപ്പൽ ഫ്ളാഗുകൾ വീശിക്കൊണ്ടാണ് ഏവരും എതിരേറ്റത്. പഠനത്തിന്റെയും വിശ്വാസത്തിന്റെയും സമൂഹത്തിൽ പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകതയെകുറിച്ച് യുവതീ യുവാക്കളോട് സംസാരിച്ച പിതാവിന്റെ സാനിധ്യം കൺവെൻഷന്റെ ഏറ്റവും മനോഹരമായ അനുഭവങ്ങളിലൊന്നായിരുന്നു.

ഉച്ചകഴിഞ്ഞ് അഭിവന്ദ്യ പിതാവിന്റെയും മേഖലയിലെ എല്ലാ വൈദികരുടെയും കാർമികത്വത്തിൽ ആഘോഷമായ ദിവ്യബലിയും,മലപ്പുറം ടൗൺ ചുറ്റി വിശ്വാസ പ്രഘോഷണ റാലിയും നടത്തി. വിവിധതരം ഫ്ലോട്ടുകളും, നിശ്ചല ദൃശ്യങ്ങളും ഒരുക്കി യുവജനങ്ങളും മലപ്പുറം മേഖലയിലെ എല്ലാ ഇടവകകളും വിശ്വാസ പ്രഘോഷണ റാലിക്ക് മാറ്റ് കൂട്ടി.

അങ്ങനെ വിശ്വാസ വർഷത്തിന്റെ സമാപനാഘോഷത്തോട് അനുബന്ധിച്ച് പുത്തൻ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്ന വിശ്വാസ സമൂഹം ദൈവത്തിനു നന്ദി പറഞ്ഞു ദിവ്യകാരുണ്യ ആശീർവാദത്തടെ പിരിഞ്ഞു.



## കെ.സി.എസ്.എൽ. നേതൃത്വ പരിശീലന ക്യാമ്പ്

2013-14 വർഷത്തെ കെ.സി.എസ്.എൽ. നേതൃത്വ പരിശീലന ക്യാമ്പ് സെപ്തംബർ 17, 18, 19 തീയതികളിൽ നവജ്യോതിസ് റിന്യൂവൽ സെന്ററിൽ വച്ച് നടന്നു. കോഴിക്കോട് രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നായി 123 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. കെ.സി.എസ്.എൽ. കോഴിക്കോട് രൂപത ഡയറക്ടർ റവ. ഫാ. റെനി റോഡ്രിഗസ് സ്വാഗതം ആശംസിക്കുകയും സെന്റ് സേവ്യേഴ്സ് കോളജ് പ്രിൻസിപ്പൽ റവ. ഫാ. ജോസ് മാത്യു എസ്.ജെ. ഉദ്ഘാടനം നിർവഹിക്കുകയും തുടർന്ന് ജിജോ പാലായും ടീമും ക്യാമ്പ് നയിക്കുകയും മൂല്യാധിഷ്ഠിത കളികളിലൂടെയും മറ്റ് വിനോദപരിപാടികളിലൂടെയും കെ.സി.എസ്.എൽ. അംഗങ്ങളുടെ മാനസികവും ആത്മീയവുമായ തലങ്ങളെ വളരെയധികം സ്പർശിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തു. ഈ ക്യാമ്പിൽ വച്ച് 2013-14 വർഷത്തെ കെ.സി.എസ്.എൽ. വിദ്യാർത്ഥി ഭാരവാഹികളെ തെരഞ്ഞെടുത്തു.

ചെയർ പേഴ്സൺ : സോന ജോസ്, സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ സ്കൂൾ, കോഴിക്കോട്.

ജനറൽ സെക്രട്ടറി : സ്റ്റീഫൻ കെ. വിനോദ്, സെന്റ് ജോസഫ്സ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കോഴിക്കോട്.

സെക്രട്ടറിമാർ :

യു.പി. വിഭാഗം : ഡോമിനിക് സാവിയോ എച്ച്.ഐ.എം.യു.പി. സ്കൂൾ, വൈത്തിരി.

ഹൈസ്കൂൾ വിഭാഗം : ജിതിൻ ചാക്കോ, ആർ.സി. ഹൈസ്കൂൾ, ചുണ്ടേൽ.



ഹയർ സെക്കണ്ടറി വിഭാഗം : അഗ്ര പി.റ്റി, സെന്റ് മൈക്കിൾസ് ഹയർ സെക്കണ്ടറി സ്കൂൾ, വെസ്റ്റ്ഹിൽ.

19-ാം തീയതി ഉച്ചയ്ക്ക് 1 മണിയോടെ ക്യാമ്പ് അവസാനിച്ചു.

സി. മരിയ ട്രീസ ബി.എ.
വൈസ് പ്രസിഡണ്ട്.

**ശ്രീകൃഷ്ണജയന്തി ഘോഷയാത്രയ്ക്ക് പൊഴുതന ലിറ്റിൽ ഫ്ളവർ ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ ഫാ. ബാബുപോൾ ഒ.സി.ഡി. സ്വീകരണം നൽകിയപ്പോൾ**



# ക്രിസ്തുരാജാ ദേവാലയം
# ബി.സി.സി. വാർഷിക ആഘോഷം 2013

ബഹുമാനപ്പെട്ട ഇടവക വികാരി ആന്റോ ഡയനീഷ്യസ് അച്ചന്റെ മുഖ്യ കാർമികത്വത്തിൽ റവ. ഫാദർ പയസ് വാച്ചാപറമ്പിൽ, റവ. ഫാദർ സണ്ണി കുന്നപള്ളിൽ എന്നിവർ സഹ കാർമ്മികരായി ദിവ്യബലി അർപ്പിച്ചുകൊണ്ട് 2013 ബി.സി.സി. വാർഷികത്തിന് തുടക്കം കുറിച്ചു. തുടർന്ന് ഇടവകാംഗങ്ങൾക്കായി വിവിധ കലാകായിക മൽസരങ്ങൾ നടത്തുകയുണ്ടായി. ഇടവകയുടെ കൂട്ടായ്മയുടെ ഭാഗമായി സ്നേഹവിരുന്നും ഉണ്ടായിരുന്നു. പൊതുസമ്മേളനത്തിൽ ജനറൽ കൺവീനർ ശ്രീ. ടി. ജെ. ഡേവിഡ് സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീ. എ. എക്സ് നൈജു 2012-13 വർഷത്തെ ബി.സി.സി. വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് ഇടവക വികാരി റവ. ഫാദർ ആന്റോ ഡയനീഷ്യസ് അച്ചന്റെ അധ്യക്ഷതയിൽ വെരി. റവ. മോൺസിഞ്ഞോർ, ഡോ. തോമസ് പനയ്ക്കൽ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സ്വർഗ്ഗത്തിന്റെ പതിപ്പാകണം കുടുംബം എന്നും, അതാകണമെങ്കിൽ പരസ്പരം സ്നേഹിക്കുവാനും കടമകൾ നിർവഹിക്കാനും പ്രാർത്ഥിക്കുന്ന കുടുംബവുമാകണമെന്നും പറയുകയുണ്ടായി. ആശംസകൾ അർപ്പിച്ചുകൊണ്ട് എ.സി. പ്രോവിൻഷ്യൽ റവ. സിസ്റ്റർ ആൻസില്ല എ.സി. പാപ്പായുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് യുവജനങ്ങൾക്ക് നൽകാൻ പൊന്നും വെള്ളിയും എന്റെ കൈയ്യിലില്ല. എന്റെ കൈവശം അവർക്ക് നൽകുവാനുള്ള നിധി യേശുക്രിസ്തുവാണെന്നും പറയുകയുണ്ടായി. തുടർന്ന് റവ. ഫാദർ പയസ് വാച്ചാപറമ്പിൽ ആശംസക



ളർപ്പിച്ചുകൊണ്ട് ഒരു മനുഷ്യനേയും നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കുവാനും ക്രിസ്തുവിന്റെ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും വിശ്വാസജീവിതവും സാമൂഹിക ജീവിതവും എങ്ങനെ ബന്ധിപ്പിക്കാം എന്നതിനെക്കുറിച്ചും പറയുകയുണ്ടായി. ശ്രീ. എൻ.ജെ. ആന്റണി മാസ്റ്റർ അല്മായരെ പ്രതിനിധീകരിച്ച് ആശംസകൾ അർപ്പിച്ചുകൊണ്ട് ക്രിസ്തുരാജാ ദേവാലയത്തിന്റെ ചരിത്രം വിശദീകരിക്കുകയും യേശുവിന് സാക്ഷ്യം വഹിക്കുവാനും മറ്റുള്ളവരിൽ യേശുവിനെ കാണണമെന്നും പറയുകയുണ്ടായി. ശ്രീമതി വീനസ് ബേബിയുടെ നന്ദിപ്രകാശനത്തോടെ യോഗമവസാനിച്ചു. തുടർന്ന് ഇടവകാംഗങ്ങളുടെ കലാസന്ധ്യ ആയിരുന്നു. ബി.സി.സി. വാർഷികത്തോടനുബന്ധിച്ചു നടന്ന കലാകായിക മൽസര വിജയികൾക്കുള്ള സമ്മാനവിതരണം റവ. ഫാദർ പയസ് വാച്ചാപറമ്പിൽ നിർവഹിക്കുകയുണ്ടായി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഒത്തിരി സ്നേഹത്തോടെ ഓർക്കുകയും സർവ്വേശ്വരന്റെ അനുഗ്രഹങ്ങൾ എല്ലാവരിലും നിറയട്ടെ എന്നും ആശംസിച്ചുകൊള്ളുന്നു.

എ.എക്സ്. നൈജു
പാരിഷ് കൗൺസിൽ സെക്രട്ടറി.



## മണ്ണാർക്കാട് കൺവെൻഷൻ

മണ്ണാർക്കാട് മേഖലയിലെ കത്തോലിക്കർക്കു വേണ്ടി സംഘടിപ്പിച്ച മണ്ണാർക്കാട് കൺവെൻഷനിൽ അഭിവന്ദ്യ പിതാവ് വചനം പങ്കുവെച്ച് പ്രസംഗിക്കുന്നു. പാലക്കാട് രൂപതയാണ് കൺവെൻഷൻ സംഘടിപ്പിക്കുന്നത്. ഈ പ്രദേശത്തെ കോഴിക്കോട് രൂപതയുടെ ഏകദേവാലയമായ സെന്റ് ജെയിംസ് ഇടവകയും കൺവെൻഷൻ സംഘാടകരിൽ ഉൾപ്പെട്ടിരുന്നു.

# അവയവദാനത്തിലൂടെ അധ്യാപികമാർ മാതൃകയാകുന്നു

വടകര: മരണശേഷം കണ്ണുകളും കരളും വൃക്കയും മറ്റുള്ള വർക്കായി ദാനം ചെയ്തുകൊണ്ട് സെന്റ് ആന്റണീസ് സ്കൂൾ അധ്യാപികമാർ സമൂഹത്തിന് മാതൃകയാകുന്നു. അനേകായിരങ്ങളുടെ ഹൃദയങ്ങളിൽ അക്ഷരജ്യോതി തെളിയിച്ച ഈ അധ്യാപികമാർ സമൂഹമനസ്സാക്ഷിയെ തൊട്ടുണർത്തുന്ന പ്രവർത്തനങ്ങൾ ഇതിനു മുമ്പും ചെയ്തിട്ടുണ്ട്. അവയവദാനം പുണ്യകൃത്യമാണെന്ന് ഉദ്ഘാടനകർമം



നിർവഹിച്ച ഹെഡ്മിസ്ട്രസ് സിസ്റ്റർ മരിയ വിജി അഭിപ്രായപ്പെട്ടു. പി.ടി.എ. പ്രസിഡണ്ട് ഹരീഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഴുവൻ അധ്യാപികമാരുടെയും അവയവദാന സമ്മതപത്രം വത്സമ്മ ടീച്ചർ ഹെഡ്മിസ്ട്രസ് സി. മരിയ വിജിയെ ഏൽപിച്ചു. അവയവദാനം മഹാദാനം എന്ന് ആഹ്വാനം ചെയ്തുകൊണ്ട് പി.ടി.എയുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികളും അവയവദാന സെൽ രൂപീകരണവും നടന്നു. രാജൻ പി.എം, പ്രദീപ്, ബിന്ദു, വിത്സി ടീച്ചർ എന്നിവർ പ്രസംഗിച്ചു.

പ്രധാനാധ്യാപിക
സെന്റ് ആന്റണീസ് ജെ.ബി. സ്കൂൾ
വടകര

# സെന്റ് വിൻസെന്റ് ഡി പോൾ കാലിക്കറ്റ് സെൻട്രൽ കൗൺസിലിന്റെവാർഷിക യോഗം 2012 – 2013

കാലിക്കറ്റ് സെൻട്രൽ കൗൺസിലിന്റെ 37-ാമത് വാർഷിക സമ്മേളനം 2013 സെപ്തംബർ 21ന് വൈകുന്നേരം 4.30ന് സി.സി. പ്രസിഡണ്ട് ബ്ര. P.L. ജോസഫ് പതാക ഉയർത്തി തുടക്കം കുറിച്ചു. ബ്ര. ഓസ്റ്റിൻ വറീദ് അംഗങ്ങൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

ഉദ്ഘാടന സമ്മേളനം കോഴിക്കോട് രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലയ്ക്കൽ നിർവ്വഹിച്ചു. ബ്ര. P.L. ജോസഫ് അദ്ധ്യക്ഷനായ യോഗത്തിൽ സി.സി. ആത്മീയ ഉപദേഷ്ടാവ് ഫാ. ജോർജ്ജ് ലൂയിസ്, താമരശ്ശേരി സി.സി. പ്രസിഡണ്ട് ബ്ര. സിറിയക്ക് മാത്യു, കണ്ണൂർ സി.സി. പ്രസിഡണ്ട് ബ്ര. പി.പി.യോഹന്നാൻ, സിസ്റ്റർ മരിയ ധന്യ എന്നവർ ആശംസകൾ നേർന്നു.

തദവസരത്തിൽ 5000 രൂപയുടെ സ്കോളർഷിപ്പ് മൂന്ന് എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് നൽകി. 70 വയസ്സ് കഴിഞ്ഞ വിൻസെൻഷ്യൽ പ്രവർത്തകരെ ആദരിച്ച്, സമ്മാനങ്ങൾ നൽകി. പരേതരായ വിൻസെൻഷ്യൽ അംഗങ്ങളെ അനുസ്മരിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.



ബ്ര. മാർട്ടിൻ കൊയ്‌ലോ വാർഷിക റിപ്പോർട്ടും ബ്ര. ബിനു എഡ്വേർഡ് വരവ് ചിലവ് കണക്കുകളും അവതരിപ്പിച്ചു. ബ്ര. ടി.എസ്. ജോർജ്ജ് സ്വാഗതവും ബ്ര. കെ.എസ്. ജോയ് നന്ദിയും പറഞ്ഞു.

'ജീവനയുടെ പ്രവർത്തനങ്ങൾ' എന്ന വിഷയത്തിൽ റവ. ഫാ. ആൽഫ്രഡ്, വിൻസെൻഷ്യൻ ദൈവവിളി വിശ്വാസവർഷത്തിൽ എന്ന വിഷയത്തിൽ ബ്ര. ജസ്റ്റിൻ ഡേവിഡ്, സൊസൈറ്റിയുടെ മുഖ്യപ്രവർത്തനങ്ങളെക്കുറിച്ച് ബ്ര. ഇ.എം. ഗീവർഗീസ് ചന്ദനപ്പള്ളിയും ക്ലാസ്സുകൾ നടത്തി. യോഗം സെപ്തംബർ 22 ഞായറാഴ്ച ഉച്ചയോടെ സമാപിച്ചു.

## വാഴ്ത്തപ്പെട്ട ഫ്രഡറിക്ക് ഓസാനാമിന്റെ 200-ാം ജന്മവാർഷികാഘോഷം

കാലിക്കറ്റ് സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ നവജ്യോതിസ് റിന്യൂവൽ സെന്റർ കോഴിക്കോട്ടുവെച്ച് സെപ്തംബർ 22 ഞായറാഴ്ച 12 മണിക്ക് വാഴ്ത്തപ്പെട്ട ഫ്രഡറിക്ക് ഓസാനാമിന്റെ 200-ാം ജന്മവാർഷികം ആഘോഷിച്ചു.

ബ്ര. P.L. ജോസഫ് അദ്ധ്യക്ഷനായ യോഗത്തിൽ കെ.ആർ.സി.സി. കോർഡിനേറ്റർ ഇ.എം. ഗീവർഗീസ് ചന്ദനപ്പള്ളി ഉദ്ഘാടനം ചെയ്തു. ശതാബ്ദി സന്ദേശം കണ്ണൂർ സി.സി. പ്രസിഡണ്ട് ബ്ര.പി.പി. യോഹന്നാൻ, ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് ലൂയീസ് എന്നിവർ ആശംസകൾ നേർന്നു. ബ്ര. മാർട്ടിൻ കൊയിലോ സ്വാഗതവും ബ്ര. ബിനു എഡ്വാർഡ് നന്ദിയും പറഞ്ഞു.

**സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് കാപ്പൻകൊല്ലിയിൽ വയോധികദിനം ആഘോഷിച്ചു**



# സിസ്റ്റർ സെറീന കോഴിക്കോട്ട് സന്ന്യാസ സമർപ്പണത്തിൽ സുവർണ്ണജൂബിലി

വിശുദ്ധരായ ബെർത്തോലോമെയയുടേയും ജെറോസ വിൻചെസയുടേയും മംഗലാപുരത്തുള്ള ബെൽവെദേരെ കോൺവെന്റിൽ 1963 ഒക്ടോബർ 2ന് സന്ന്യാസാർത്ഥിയായി ചേർന്ന സിസ്റ്റർ സെറീന 2013 സെപ്തംബർ 21ന് കോഴിക്കോട് ദൈവമാതാ കത്തീഡ്രലിൽ മുഖ്യകാർമ്മികനായ മോസ്റ്റ് റവ. ഡോ. വർഗീസ് ചക്കാലയ്ക്കൽ പിതാവിന്റെയും സഹകാർമ്മികരായ വൈദികരുടേയും ദിവ്യപൂജയിൽ സന്ന്യാസ സമർപ്പണത്തിന്റെ സുവർണ്ണജൂബിലി സാഘോഷം കൊണ്ടാടി. സഹോദരനായ മോൺസിഞ്ഞോർ അലക്സ് കോഴിക്കോട്ട് തിരുക്കർമ്മങ്ങളിൽ സംബന്ധിച്ചുവെന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു.

അഗതികളോടും അനാഥരോടും ആലംബഹീനരോടും കാഴ്ച-കേൾവിക്കുറവുള്ളവരോടും ശാരീരിക വൈകല്യമുള്ളവരോടും അത്യധികം സ്നേഹവായ്പോടെയാണ് സിസ്റ്റർ സംസാരിക്കുകയും പെരുമാറുകയുംചെയ്തുപോന്നത്. ഊട്ടി, വെല്ലിംഗ്ടൺ, സെന്റ് വിൻസെന്റ്സ് കോളനി, സെന്റ് വിൻസെന്റ്സ് ഹോം എന്നിവിടങ്ങളിൽ അദ്ധ്യാപികയായും അനാഥമന്ദിരത്തിന്റെ സാരഥിയായും സിസ്റ്റർ സ്തുത്യർഹമായ സേവനവും ശുശ്രൂഷയും നിർവഹിച്ചിരുന്നത് ചാരിതാർത്ഥ്യജനകമാണ്.



പാലായിലെ കടനാടുള്ള ബന്ധുമിത്രാദികളും അനാഥമന്ദിരങ്ങളിലെ അന്തേവാസികളും സുവർണ്ണജൂബിലിയാഘോഷങ്ങളിൽ സംബന്ധിച്ച് സിസ്റ്ററോടുള്ള സ്നേഹവും കടപ്പാടും കൃതജ്ഞതയും വാക്കുകളാലും സമ്മാനങ്ങളാലും പ്രകടിപ്പിച്ചത്

ഹൃദയസ്പർശിയായ അനുഭവമായിരുന്നു.

ആരാധനാക്രമങ്ങളിൽ പ്രത്യേകിച്ച് ദിവ്യപൂജയിൽ സജീവവും കർമ്മോത്സുകവുമായ ഭാഗഭാഗിത്വത്തിന് സഹായകമാകത്തക്ക വിധത്തിൽ സിസ്റ്റർ സെറീന ഹാർമോണിയം അനായസേന വായിക്കുകയും കുട്ടികളെ ഗാനാലാപനത്തിന് പരിശീലിപ്പിക്കുകയും ചെയ്തിരുന്നുവെന്നത് അഭികാമ്യമായ വസ്തുതയാണ്.

ദിവ്യകാരുണ്യ സ്വീകരണത്തിനുശേഷം ഹൃദയത്തിൽ എഴുന്നള്ളി വസിക്കുന്ന ഈശോയ്ക്ക് കൃതജ്ഞത പ്രദർശിപ്പിക്കുവാൻ സിസ്റ്റർ എല്ലാ മക്കളേയും പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

സൗമ്യയും ശാന്തശീലയും വിനയാന്വിതയും സുസ്മേരവദനയുമായ സിസ്റ്റർ ആരോടും വിദ്വേഷമോ പകയോ വൈരാഗ്യമോ നീരസമോ അലോസരമോ പുലർത്തിയിരുന്നില്ലെന്നത് ആഴമേറിയ ആത്മീയതയുടെ ബഹിർസ്ഫുരണമായി പ്രശോഭിച്ചിരുന്നുവെന്ന് പറയാം.

മരിയ ഭക്തയായ സിസ്റ്റർ സെറീന സെന്റ് വിൻസെന്റ് ഹോമിലെ ഗ്രോട്ടോയിലുള്ള പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുസ്വരൂപസന്നിധിയിൽ ദിവസവും ഭക്തിതീക്ഷ്ണതയോടും തീവ്രവിശ്വാസത്തോടും കൂടി ജപമാല അന്തേവാസികൾ ഒരുമിച്ച് ചൊല്ലുകയും ചില ഭാഗങ്ങൾ ഗാനരൂപത്തിൽ ആലപിക്കുകയും ചെയ്തിരുന്നുവെന്നത് സന്തോഷകരമത്രേ.

കത്തീഡ്രൽ ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്കുശേഷം വീട്ടുകാരുടെ ചിലവിൽ രണ്ടായിരത്തിൽപരം പേർക്ക് വിഭവസമൃദ്ധമായ വിരുന്ന് നൽകുകയും ചെയ്തുവെന്ന് എടുത്തുപറയേണ്ടതാണ്. സിസ്റ്റർ സെറീനയും സഹോദരൻ അലക്സും സുവർണ്ണജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തവർക്ക് ഹൃദ്യമായി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

ദൈവപരിപാലനയിൽ ആശ്രയിച്ച് തുടർന്നുള്ള ജീവിതം അനുഗ്രഹപ്രദവും സർവേശ കൃപാപൂരിതവും ആയിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സിസ്റ്ററിന്റെ ജീവിതം അതിധന്യവും അതീവ വിശുദ്ധവും ആയിത്തീരുവാൻ സർവശക്തനും പരമകാരുണികനുമായ സ്വർഗ്ഗീയ പിതാവ് സദാ സഹയാത്രികനായി സിസ്റ്റർ സെറീനയുടെ കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

**ഫാ. ജിയോ പയ്യപ്പിള്ളി**

# സെന്റ് സേവിയേഴ്സ് കോളേജ്



സെന്റ് സേവിയേഴ്സ് ആർട്സ് & സയൻസ് കോളേജിന്റെ യൂണിയൻ ഇലക്ഷൻ സെപ്റ്റംബർ 5 -ാം തിയ്യതി ഗവർമെന്റ് നിർദ്ദേശങ്ങൾക്കനുസരിച്ച് നടത്തുകയുണ്ടായി. നിവിൻ ജൂഡ് യൂണിയൻ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടു. യൂണിയൻ ഉദ്ഘാടനത്തിന്റെ ഭാഗമായി പരമ്പരാഗത രീതികളിൽനിന്നും വ്യത്യസ്തമായി രക്തദാനത്തിന്റെ മഹനീയതയും മതമൈത്രിയുടെ സന്ദേശവും നൽകിക്കൊണ്ട് 30 വിദ്യാർത്ഥിനീവിദ്യാർത്ഥികൾ രക്തം ദാനംചെയ്തു.



ഒക്ടോബർ 1 -ാം തിയ്യതി മാനേജർ മോൺ. വിൻസെന്റ് അറയ്ക്കൽ അധ്യക്ഷതവഹിച്ച ചടങ്ങിൽ സുബോധ് ഫൗണ്ടേഷനിലെ സ്വാമിജി ആദ്ധ്യാത്മികാനന്ദയും കോഴിക്കോട് മുഖ്യ ഖാസിയും പങ്കെടുക്കുകയുണ്ടായി. മതേതരത്വത്തിന്റെ മഹത്വമായിരുന്നു ചർച്ചാവിഷയം. കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഓണാഘോഷവും കൊണ്ടാടുകയുണ്ടായി. പൂക്കളമത്സരവും ഓണക്കളിയും നടത്തി. പായസത്തിന്റെ മധുരം പങ്കുവെച്ചുകൊണ്ട് ആഘോഷം അവസാനിച്ചു.






**സെന്റ് സേവിയേഴ്സ് കോളേജിൽ സെമിനാർ ആനിമേറ്റ് ചെയ്യാൻ എത്തിച്ചേർന്ന കേന്ദ്രഗവൺമെന്റിന്റെ മൈനോരിറ്റി കമ്മീഷൻ അംഗമായ പ്രഫസർ സിറിയക് തോമസിനെ വികാരി ജനറൽ മോൺ തോമസ് പനയ്ക്കൽ പൊന്നാടയണിയിക്കുന്നു.**

## കോളേജ് യൂണിയൻ ഭാരവാഹികൾ

**ചെയർമാൻ** : മി. നിവിൻ ജൂഡ്
**വൈസ് ചെയർമാൻ** : മിസ്. സോസാൻ ഫാത്തിമ
**സെക്രട്ടറി** : മിസ് നിവിത ജോൺ
**ജോ. സെക്രട്ടറി** : മിസ്. പ്രിയങ്ക ജെയിംസ്
**യു. യു. സി.** : മി. സഞ്ജയ് ഹാൻസ് വർഗ്ഗീസ്
**ഫൈൻ ആർട്സ് സെക്രട്ടറി** : മിസ് ഫമിയ ഫ്രാൻസിസ്
**കോളേജ് മാഗസിൻ സ്റ്റുഡന്റ് എഡിറ്റർ** : മിസ് ഹരിത കുര്യൻ
**ജനറൽ ക്യാപ്റ്റൻ** : മി. ജയദേവൻ പി. ഡി.

**അസോസിയേറ്റ് സെക്രട്ടറീസ്:**

**ബി. സി. എ.** : മി. വിഷ്ണുജിത്ത് കൃഷ്ണൻ
**കൊമേഴ്സ് അസോസിയേഷൻ സെക്രട്ടറി**: മിസ് സെറ്റെഫീന ജോൺസൺ
**ഇംഗ്ലീഷ് അസോസിയേഷൻ** : മി. സുചിൻ മാനുവേൽ
**ഡി. സി. റപ്രസന്റിറ്റീവ്** :

1. ഡി.സി : മി. ആഷ്ലി ഗോഡ്വിൻ കാസ്റ്റലീനോ
2. ഡി.സി : മി. അൽവിസ് ജോൺ വർഗ്ഗീസ്
3. ഡി.സി. : മി. അൻജിത റോസ്‌ലിൻ ജോസ്

# മതബോധന ദിനാചരണം
# സെന്റ് തോമസ് അക്വിനാസ് ദേവാലയം – തേഞ്ഞിപ്പലം

സർവ്വകലാശാലകളുടെ മധ്യസ്ഥനായ വി. തോമസ് അക്വിനാസിന്റെ നാമധേയത്തിലുള്ള സെന്റ് തോമസ് അക്വിനാസ് ദേവാലയത്തിൽ 28-7-2013ന് ഇടവക മതബോധന ദിനം ആഘോഷിച്ചു. മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ ആഘോഷമായി നടന്ന ദിവ്യബലിക്ക് ശേഷം ഇടവക വികാരി റവ. ഫാ. ഔസേപ്പച്ചന്റെ അധ്യക്ഷതയിൽ മതബോധന ദിനാചരണ പരിപാടികൾ ആരംഭിച്ചു. 2012-13 വർഷത്തെ വാർഷിക റിപ്പോർട്ട്, ഹെഡ്മിസ്ട്രസ് ശ്രീമതി കൊർണീലിയ ഹെൻട്രി അവതരിപ്പിച്ചു. ഇടവക വികാരി റവ. ഫാ. ഔസേപ്പച്ചനും മുഖ്യാതിഥി റവ. ഫാ. സെബാസ്റ്റ്യനച്ചനും മതബോധനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് വചന സന്ദേശങ്ങൾ നൽകി. അവ ഏറെ വിജ്ഞാനപ്രദവും ഹൃദ്യവുമായിരുന്നു. പാരീഷ് കൗൺസിൽ സെക്രട്ടറി ഡോ. എം.എ. ജോസഫ്, സെന്റ് പോൾസ് കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ മരിയ ട്രീസാ എന്നിവർ ആശംസകളർപ്പിച്ചു. ഭക്തിനിർഭരവും വചനാധിഷ്ഠിതവുമായ ഗാനങ്ങൾ, ആംഗ്യപ്പാട്ട്, ഡാൻസ്, സങ്കീർത്തനാലാപനം തുടങ്ങിയ കലാവിരുന്നുകൾ കുട്ടികൾ അവതരിപ്പിച്ചു. രൂപത സ്കോളർഷിപ്പ് വിജയിയായ ഹെബ മേരി ജയ്മോനെയും ലോഗോസ് 2012 റാങ്ക് ജേതാവായ ശ്രീ. ഡേവിഡ് ഇ.എം നേയും ചടങ്ങിൽ ആദരിച്ചു. 2012-13 വർഷത്തെ പഠന, പാഠ്യേതര മികവുള്ള കുട്ടികൾക്കും മതാധ്യാപകർക്കും പി.ടി.എ. പ്രസിഡണ്ട് ശ്രീ. ജോൺസൺ കൈതക്കാട് സമ്മാനങ്ങൾ നൽകി. ഇടവക സമൂഹം മുഴുവനും ചടങ്ങിൽ സന്നിഹിതരായിരുന്നു. മതാധ്യാപകനായ ശ്രീ. റിയോൺ ആന്റണി നന്ദി പറഞ്ഞു. ചായ സൽക്കാരത്തോടെ യോഗം അവസാനിച്ചു.

എന്ന്

കൊർണീലിയ ഹെൻട്രി

(ഹെഡ്മിസ്ട്രസ്)

## സി.എൽ.സി. യൂണിറ്റ് സെന്റ് ആൻഡ്രൂസ് ചർച്ച് ബേപ്പൂർ



**സി.എൽ.സി ബേപ്പൂർ യൂണിറ്റംഗങ്ങൾ ഒക്ടോബർ 6 ന് ദിവ്യകാരുണ്യ ആരാധന നടത്തി. രൂപതയിലെ യുവജനസംഗംമങ്ങളുടെ വിജയമായിരുന്നു പ്രാർത്ഥനാ നിയോഗം.**



**സി.എൽ.സി ബേപ്പൂർ യൂണിറ്റ് എല്ലാ ഞായറാഴ്ച കളിലും നടത്തുന്ന യൂകാറ്റ് ചർച്ചകളിൽനിന്നും**

## കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെകെ.സി.വൈ.എം.

വൈത്തിരി: പശ്ചിമഘട്ടപരിപാലനത്തിനായി കസ്തൂരിരംഗൻ സമിതി അവതരിപ്പിച്ച റിപ്പോർട്ടിലെ ജനദ്രോഹ ശുപാർശകൾക്കെതിരെ ശക്തമായ പ്രതിഷേധപരിപാടികളുമായി മുന്നോട്ട് പോകുവാൻ കോഴിക്കോട് രൂപത യുവജനസംഘടന കെ.സി.വൈ.എം. തീരുമാനിച്ചു. പരിസ്ഥിതി സംരക്ഷണത്തിന്റെ മറവിൽ സാധാരണക്കാരായ ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് ജനവാസത്തിനെതിരെയും, കർഷകരെ ദ്രോഹിക്കുന്നതുമായ നിർദ്ദേശങ്ങൾ പൂർണ്ണമായി പിൻവലിക്കണമെന്നും, പുതിയ സമിതിയെ വെച്ച് പൊതുജനാഭിപ്രായം ഉൾക്കൊണ്ട്, സമൂഹത്തിന്റെ വികസനപ്രവർത്തനങ്ങളെ ബാധിക്കാത്ത പുതിയ റിപ്പോർട്ടിന് അനുവാദം നൽകണമെന്നും കെ.സി.വൈ.എം. ആവശ്യപ്പെട്ടു. അല്ലാത്തപക്ഷം രാഷ്ട്രീയ-സാമൂഹിക-സാമുദായിക സംഘടനകളുമായി ചേർന്ന്കൊണ്ട് ശക്തമായ പ്രതിഷേധ സമരമുറകളിലേക്ക് പോകുവാനായി യോഗം തീരുമാനിച്ചു. പ്രസ്തുത യോഗത്തിൽ കെ.സി.വൈ.എം. രൂപത പ്രസിഡന്റ് ശ്രീ. സോബി വർഗ്ഗീസ് അധ്യക്ഷത വഹിച്ചു. കോഴിക്കോട് രൂപത യൂത്ത് അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ.ജിജു പള്ളിപറമ്പിൽ, കെ.സി.വൈ.എം. രൂപത ഡയറക്ടർ ഫാ. ബാബു പോൾ, സി.എൽ.സി. മേഖല പ്രസിഡന്റ് ശ്രീ. ജയിംസ് എന്നിവർ സംസാരിച്ചു. ട്രഷറർ ശ്രീ. ജോബി പള്ളിക്കുന്ന് യോഗത്തിൽ കൃതജ്ഞത അർപ്പിച്ചു.

# സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ഓണാഘോഷം

മതത്തിന്റേയും ജാതിയുടേയും വർണവർഗ്ഗ വ്യത്യാസങ്ങളുടേയും അതിർവരമ്പുകളില്ലാത്ത ഉത്സവമാണ് തിരുവോണം. മാവേലിയുടെ മണ്ണിനും മലയാളികളുടെ മനസ്സിനും എന്നും കുളിർമയേകുന്ന ഓണം മേരിക്കുന്നിലെ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിന്ന് വിസ്മരിക്കാനാവാത്ത സുദിനമായിരുന്നു, 2013 സെപ്തംബർ 12. ഈ വർഷത്തെ ഓണാഘോഷത്തിന് കുട്ടികളും അവരുടെ എല്ലാ രക്ഷിതാക്കളും പങ്കുകൊണ്ടു.

പി.ടി.എ. നിർവാഹക സമിതിയുടെ നേതൃത്വത്തിൽ സമ്പദ് സമൃദ്ധിയുടേയും ഐശ്വര്യത്തിന്റേയും നന്മയുടേയും നൈർമല്യത്തിന്റേയും പ്രതീകമായ ഓണത്തിന് കോഴിക്കോട് മേരിക്കുന്ന് മേഴ്സിഹോമിലെ അന്തേവാസികൾക്ക് വിഭവസമൃദ്ധമായ വിരുന്ന് നൽകി ഈ വിദ്യാഭ്യാസ സ്ഥാപനം മാതൃകയായി. സ്കൂളിന്റെ ചുറ്റുവട്ടത്തുള്ള വൈദികരും സന്ന്യസ്തരും ബ്രദർമാരും വിശിഷ്ടാതിഥികളും പങ്കെടുത്ത്






ഓണാഘോഷ വിരുന്ന് വർണ്ണശബളമാക്കി.

അഭിവന്ദ്യ മാക്സ്വെൽ നൊറോണയുടെ സാന്നിദ്ധ്യവും, സ്കൂൾ മാനേജർ ഫാ. ജോൺസൺ അവരേവ്, ഇടവക വികാരി മോൺ. വില്യം രാജൻ, ഫാ. ജസ്റ്റിൻ ഒള്ളാട്ടുപുറം, ഫാ. ജേക്കബ് കുളങ്ങര, ഫാ. നഗിൽ എസ്.ജെ, മേഴ്സി ഹോമിലെ ബ്രദർമാർ, ബ്രിജിറ്റൈൻ സന്ന്യാസിനികൾ, വെനെറീനി സിസ്റ്റർമാർ എന്നിവരുടെ സാന്നിധ്യവും ഓണാഘോഷത്തിന് മിഴിവേകി. ഓണസദ്യയ്ക്കൊപ്പം ഓണക്കളികളും സംഘടിപ്പിക്കുകയുണ്ടായി. വടംവലി സമാകർഷകമായ മൽസരമായിരുന്നു.

പി.ടി.എ. പ്രസിഡണ്ട് അഷ്റഫിന്റെ നേതൃത്വത്തിൽ നിർവാഹക സമിതിയും അദ്ധ്യാപികമാരും വിഭവസമൃദ്ധമായ വിരുന്നൊരുക്കി. അദ്ധ്യാപകരും അധ്യേതാക്കളും രക്ഷാകർത്താക്കളും ചാരുതയാർന്ന പൂക്കളം നിർമ്മിച്ചു.

ഈ ദിനത്തിൽ എ.ഇ.ഒ. കെ. പി. സത്യനും സംഘവും വിദ്യാലയത്തിന്റെ അംഗീകാരത്തിനോടനുബന്ധിച്ചുള്ള പരിശോധന നടത്തുകയും സ്കൂളിന്റെ സുഗമമായ നടത്തിപ്പിനെപ്പറ്റി വിലയിരുത്തുകയും ചെയ്തു. അവരും പായസവും മറ്റു വിഭവങ്ങളും സ്വീകരിച്ച് ഈ ആഘോഷത്തിൽ പങ്കുചേർന്നു. തുടർന്നുള്ള പത്തു ദിനങ്ങളിലെ ആഘോഷങ്ങൾക്കായി എല്ലാവരും പിരിഞ്ഞു.

ദൈവാനുഗ്രഹവും കൂട്ടായ്മയും ഒരുമയും പാരസ്പര്യവും ഒത്തുചേർന്ന പുണ്യദിനങ്ങളുടെ സ്മൃതികൾ ഹൃത്തിലുമാത്മാവിലും ആവഹിച്ച്, സർവേശസന്നിധിയിൽ എല്ലാം ശുഭമായി ത്തീരുവാൻ വേണ്ടി പ്രാർത്ഥിക്കുകയും, ഭാവുകങ്ങൾ നേരുകയും ചെയ്തു.

**സിസ്റ്റർ ഹിൽഡ എം.പി.വി.**

**പ്രധാനാദ്ധ്യാപിക**




# ക്രിസ്റ്റീൻ ധ്യാനം മണ്ണാർക്കാട്

വഴിയും സത്യവും ജീവനുമായ യേശുവിനെ അവിടുത്തെ ദിവ്യ കാരുണ്യ സാന്നിദ്ധ്യത്തിലൂടെ, വചനത്തിലൂടെ അറിയുന്നതിന് കർത്താവ് എത്രയോ നല്ലവനാണെന്നു തിരിച്ചറിയുന്നതിന്, അവിടു ത്തോടുകൂടി ആയിരിക്കുന്നതിന്. മണ്ണാർക്കാട്, തെങ്കര, മുക്കാളി ഇട വകയിൽ നിന്നുമായി 5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്കായി മണ്ണാർക്കാട് സെന്റ് ജയിംസ് ദേവാലയത്തിൽ വച്ച് ജീസസ് യൂത്ത് ടീം അംഗങ്ങൾ ശ്രീ. സജി ജോസഫ് തലശ്ശേരി, ബിനോഷ് തലശ്ശേരി, തോമസ് മലപ്പുറം എന്നിവർ ചേർന്ന് 'ക്രിസ്റ്റീൻ ധ്യാനം' നടത്തി.



സെപ്തംബർ 21, 22 തിയ്യതികളിലായി നടത്തിയ ധ്യാനത്തിന് സെന്റ് ജൂഡ് മുക്കാളി വികാരി ബഹു. ഫാ. സജിയുടെ അനുഗ്രഹപ്രഭാഷണത്തോടെ ആരംഭം കുറിച്ചു. ദൈവസ്നേഹം, ക്ഷമിക്കുന്ന സ്നേഹം, കുമ്പസാരത്തിനുള്ള ഒരുക്കം എന്നിവയും, പഠനപ്രക്രിയയിൽ പരിശുദ്ധാത്മാവിന്റെ ഇടപെടൽ എന്നീ വിഷയങ്ങൾ കുഞ്ഞുങ്ങൾക്ക് ആഴത്തിൽ പകർന്നുനൽകുന്നതിന് സാധിച്ചു. മതാദ്ധ്യാപകർ, ആവശ്യമായ സഹായ സഹകരണങ്ങൾ നൽകി. 22ന് ഇടവക വികാരി ഫാ. സൈമൺ പീറ്റർ അർപ്പിച്ച ഭക്തി സാന്ദ്രമായ ദിവ്യബലിയോടെ രണ്ടു ദിവസങ്ങളിലായി നടന്നുവന്ന പരി പാടി സമാപിച്ചു. ഭക്ഷണം ഒരുക്കിയ മാതൃസംഘാംഗങ്ങൾക്ക് നന്ദി യർപ്പിക്കുന്നു.

**ഷാജി ജോർജ്ജ്, H.M. മണ്ണാർക്കാട്.**



# എന്റെ ബൈബിൾ

മണ്ണാർക്കാട് സെന്റ് ജെയിംസ് ദേവാലയത്തിൽ സപ്തംബർ 15 -ാം തീയതി ഞായറാഴ്ച ഇടവകയിലെ മുഴുവൻ കുടുംബാംഗങ്ങളും ഓരോ ബൈബിൾ സ്വന്തമായി സ്വീകരിച്ചു. തങ്ങളുടെ ഇഷ്ടങ്ങളിൽ ഒന്ന് മാറ്റിവെച്ചുകൊണ്ട് ആ സ്ഥാനത്ത് വി. ബൈബിൾ പ്രതിഷ്ഠിച്ചു കൊണ്ട് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന വായന യജ്ഞം ആരംഭിച്ചു. സെന്റ് തെരേസാസ് കോൺവെന്റ് സുപ്പീരിയർ റവ. സി. മേരി CMC ബൈബിൾ വിതരണം നൽകിക്കൊണ്ട് അനുഗ്രഹ പ്രഭാഷണം നടത്തി. റവ. ഫാദർ സൈമൺ പീറ്റർ, പാരീഷ് കൗൺസിൽ സെക്രട്ടറി സുനിൽ എന്നിവർ ആശംസകൾ അർപ്പിച്ചുകൊണ്ട് സംസാരിച്ചു. തുടർന്ന് ഇടവകയിൽ വിപുലമായ രീതിയിൽ ഓണാഘോഷ പരിപാടികൾ നടത്തി.

## അൾത്താരയ്ക്കൊരു പൂവ്

ഉണ്ണിമാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് മണ്ണാർക്കാട് സെന്റ് ജെയിംസ് ദേവാലയത്തിലെ പെൺകുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനകളും തുടർന്നു ദിവ്യബലിക്കുശേഷം ഇടവകയിലെ ബാലികമാർക്കായി തങ്ങളുടെ വീടുകളിൽ നട്ടുവളർത്തുന്നതിനായി വിവിധയിനം ചെടികളും വിതരണം ചെയ്തു. ചെടികൾ വളർത്തി അതിൽ വിരിയുന്ന പൂക്കൾ അൾത്താരയിൽ അലങ്കാരത്തിനായി എത്തിക്കുന്നതിനും, അൾത്താരയോട് സ്നേഹം വളർത്തുന്നതിനും പ്രകൃതിയെയും, വനത്തെയും ചെടികളെയും ചെറുപ്പംമുതലേ സ്നേഹിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ഈ പദ്ധതി ലക്ഷ്യംവയ്ക്കുന്നു. റവ. ഫാ. സൈമൺ പീറ്റർ നേതൃത്വം നൽകുന്ന ഈ പദ്ധതിയുടെ നടത്തിപ്പിനായി മതാദ്ധ്യാപകർ, മാതൃസംഘം മെമ്പർമാർ എന്നിവരുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ട്.



# പരസ്പര സ്നേഹവും മതസൗഹാർദ്ദവും കാത്തുസൂക്ഷിക്കുക

മേപ്പാടി: ഭാരതീയരായ നാം പരസ്പര സ്നേഹവും, മതസൗഹാർദ്ദവും കാത്തുസൂക്ഷിച്ച് ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ നമുക്ക് ഇനിയും മുന്നേറാമെന്നും, മാതൃഭാഷയെ ഹൃദയത്തോട് ചേർത്തുകൊണ്ടുതന്നെ മറ്റു ഭാഷകളെ സ്നേഹിക്കാനും, സ്വായത്തമാക്കാനും, നമുക്ക് കഴിയണമെന്ന് കോഴിക്കോട് രൂപത മെത്രാൻ റൈറ്റ് റവ. ഡോക്ടർ വർഗീസ് ചക്കാലക്കൽ പിതാവ് ആഹ്വാനം ചെയ്തു. മേപ്പാടി സെന്റ് ജോസഫ്സ് യു.പി. സ്കൂൾ പ്ലാറ്റിനം ജൂബിലി ഹാൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സൗത്ത് വയനാട് ഫൊറോന വികാരിയും സ്കൂൾ മാനേജരുമായ റവ. ഫാദർ സെബാസ്റ്റ്യൻ കറുകപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. മേപ്പാടി പഞ്ചായത്ത് പ്രസിഡണ്ട് റംല കുഞ്ഞാപ്പ, മൂപ്പൈനാട് പഞ്ചായത്ത് പ്രസിഡണ്ട് അജിത ചന്ദ്രൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ ടി. ഹംസ, ആൻസി ബേബി, വാർഡ് മെമ്പർ റംല ഹംസ, പി.ടി.എ. പ്രസിഡണ്ട് പി.ടി. ജോർജ്ജ്, പൂർവ്വ വിദ്യാർത്ഥി സംഘടനാ ചെയർമാൻ പി. മോഹൻദാസ്, ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ നിർമ്മല മാത്യു, ഗേൾസ് ഹൈസ്കൂൾ പ്രധാനാധ്യാപിക സിസ്റ്റർ ഫ്രീനി ഡേവിഡ്, എം.പി.ടി.എ. പ്രസിഡണ്ട് സുഭദ്ര ചേവൻ, വ്യാപാരി വ്യവസായി സെക്രട്ടറി കെ.ജി. സുനിൽ, സ്കൂൾ ലീഡർ നേഹ പി.എം. എന്നിവർ ആശംസകളർപ്പിച്ചു. പ്രധാനാധ്യാപകൻ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി സിനി ജോർജ്ജ് നന്ദിയും പറഞ്ഞു. 2012-ൽ വിദ്യാലയത്തിന്റെ പ്ലാറ്റിനം ജൂബിലി വിവിധ പരിപാടികളോടെ ആഘോഷിച്ചിരുന്നു. ഒമ്പതുലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരം രൂപ ചിലവ് ചെയ്താണ് 46 മീറ്റർ നീളവും 11 മീറ്റർ വീതിയുമുള്ള ഹാൾ പണിതത്. പി.ടി.എ, എം.പി.ടി. യോഗങ്ങൾ, സ്കൂൾ അസംബ്ലി, സെമിനാറുകൾ, പൊതുമീറ്റിങ്ങുകൾ തുടങ്ങിയവ ഈ ഹാളിൽ വെച്ച് നടത്താൻ സാധിക്കും. ഉദ്ഘാടനത്തിന് മുന്നോടിയായി പിതാവിനെയും മറ്റു വിശിഷ്ട വ്യക്തികളെയും സ്കൂൾ കവാടത്തിൽ സ്റ്റാഫ്, മാനേജർ, പി.ടി.എ. / എം.പി.ടി.എ.അംഗങ്ങൾ വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിൽ വാദ്യമേളങ്ങളോടെ സ്വീകരിച്ച് വേദിയിലേക്കാനയിച്ചു. ഉദ്ഘാടനത്തിനുശേഷം കുട്ടികൾ വിവിധ കലാപരാപിടികൾ അവതരിപ്പിച്ചു.

# വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

കെ.എം.സി.എ. സിൽവർ ജൂബിലി ട്രസ്റ്റിന്റെ സ്കോളർഷിപ്പ് പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നതായി അറിയിക്കുന്നു. കത്തോലിക്കാ സമുദായത്തിൽപ്പെട്ട 250 വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ 2013 മാർച്ചിലെ 10-ാം സ്റ്റാന്റേർഡ് പരീക്ഷയിൽ താഴെപ്പറയുന്നപ്രകാരം കണക്ക് കൂട്ടുമ്പോൾ കുറഞ്ഞത് 870 മാർക്ക് ഉള്ളവർ ആയിരിക്കണം. A = 80 Marks, B+ = 70 Marks, C+ = 50 Marks, C = 40 Marks എന്ന പ്രകാരം കണക്കാക്കേണ്ടതാണ്.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷാകർത്താവിന്റെ പേര് / ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് (നിർബന്ധമായും മേൽപറഞ്ഞ രീതിയിൽ കണക്കാക്കിയത്) എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2013 നവംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയക്കേണ്ടതാണ്.

**അയയ്ക്കേണ്ട വിലാസം :**

**കെ.ടി. തോമസ്**
**കാരിപ്പറമ്പിൽ, ഡി.ടി. റോഡ്**
**കാഞ്ഞിരപ്പള്ളി - 686 507.**

## ഏഫാത്താ 2013



**എൻ.ഐ.ടി. ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന 'എഫാത്താ 2012-13' ബൈബിൾ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹരായ കോഴിക്കോട് സിറ്റി സെന്റ് ജോസഫ്സ് ഇടവകയിലെ മെർളിൻ സൈമണും ജോളി ഡെന്നിസണും**

# കെ. ആർ. എൽ. സി. സി.



കെ. ആർ. എൽ. സി. സി. ഭാരവാഹികൾ
റവ. ഫാ. ഫ്രാൻസിസ് സേവ്യറിന്റെ നേതൃത്വത്തിൽ രൂപതയിലെ
മിനിസ്ട്രി ഡയറക്ടേഴ്സിനെ സന്ദർശിക്കാനെത്തിയപ്പോൾ



ബ്രദേഴ്സ് ഓഫ് ചാരിറ്റിയുടെ സുപ്പീരിയർ ജനറൽ ബ്ര. റെനേ സ്റ്റോക്ക്മാനും
റീജിയണൽ സുപ്പീരിയറും ബിഷപ്പ് ഹൗസിൽ വന്നപ്പോൾ



# ലിറ്റിൽ ഫ്ളവർ ഓഫ് ബഥനി സിസ്റ്റേഴ്സ് പ്ലാറ്റിനം ജൂബിലി നിറവിൽ

ലിറ്റിൽ ഫ്ളവർ ഓഫ് ബഥനി സന്ന്യാസ സമൂഹം കോഴിക്കോട് രൂപതയിൽ നീണ്ട 75 വർഷം പൂർത്തിയാക്കുന്നു. 1937 ൽ മേപ്പാടിയിൽ ആദ്യമായി അവരുടെ കർമ്മ മേഖലയ്ക്ക് തുടക്കം കുറിച്ചതിനു ശേഷം ഇന്നേവരെ സ്തുത്യർഹമായ സേവനങ്ങളാണ് സഭയ്ക്കും സമൂഹത്തിനും അവർ നൽകിക്കൊണ്ടിരിക്കുന്നത്. ഇടവകയിലെ സജീവമായ പ്രവർത്തനങ്ങളും പാവപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങളിലുള്ള പ്രത്യേക ശ്രദ്ധയും ബഥനി സന്ന്യാസ സമൂഹത്തിന്റെ പ്രത്യേകതകൾ ആണ്.

കോഴിക്കോട് രൂപതയ്ക്ക് അവരുടെ സാന്നിധ്യം അനുഗ്രഹമാണ്. ഈ ദാനത്തിനു ദൈവത്തിന് നന്ദി പറയുന്നതിനോടൊപ്പം സഭയെ നയിക്കുന്ന സി. ആൻസലിൻ ബി.എസ്സ്.നെ പ്രത്യേകം അനുമോദിക്കുകയും ചെയ്യുന്നു. സിസ്റ്ററുടെ നേതൃത്വം ബഥനി സഭയെ ഉയർച്ചയിലേക്ക് നയിക്കട്ടെ. ദിവ്യബലിയിലും പൊതുസമ്മേളനത്തിലും താമരശ്ശേരി രൂപതാഅധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവും മുഖ്യാതിഥിയായിരുന്നു.



# സെന്റ് വിൻസെന്റ് ഹോം നവതിയുടെ നിറവിൽ

കോഴിക്കോട് രൂപതയുടെ പ്രഥമ മെത്രാനായിരുന്ന അഭിവന്ദ്യ പോൾ പെരീനി എസ്. ജെ. യുടേയും ഈശോ സഭാ മിഷൻ സുപ്പീരിയർ ഫാദർ ആൽബർട്ടൊയുടേയും സ്വപ്ന സാക്ഷാത്കാരമാണ് സിസ്റ്റേഴ്‌ ഓഫ് ചാരിറ്റിയുടെ സെന്റ് വിൻസെന്റ് ഹോം.

4650 ജീവിതങ്ങളെ പച്ചപിടിപ്പിച്ച നിർവൃതിയിലാണ് സെന്റ് വിൻസെന്റ് ഹോം നവതി വർഷം ആചരിച്ചത്. അഭിവന്ദ്യ വർഗ്ഗീസ് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ 2012 ഒക്ടോബർ 5 ന് അർപ്പിക്കപ്പെട്ട ദിവ്യബലിയോടും ലോഗോ പ്രകാശനത്തോടും കൂടി ആരംഭിച്ച നവതി വർഷം 2013 ഒക്ടോബർ 5 ന് കത്തീഡ്രൽ ദേവാലയത്തിൽ മോൺ വിൻസെന്റ് അറയ്ക്കലിന്റെ മുഖ്യകാർമികത്വത്തിൽ സ്വർഗ്ഗപിതാവിന് സമർപ്പിച്ച കൃതജ്ഞതാ ദിവ്യബലിയോടും തുടർന്ന നടന്ന സൗഹൃദ സംഗമത്തോടും സ്നേഹവിരുന്നോടും കൂടെ അവസാനിച്ചു. തങ്ങളുടെ മാതൃഭവനമായ ഈ ഹോമിൽ ശൈശവം മുതൽ ഒന്നിച്ച് ജീവിച്ച് വളർന്ന് രാജ്യത്തിനകത്തും പുറത്തും പലതുറകളിലായി ജീവി



തയാത്ര തുടരുന്നവർക്ക് പരസ്പരം ആശ്ലേഷിക്കുന്നതിനും ഓർമ്മച്ചെപ്പുകൾ തുറന്ന് ആത്മബന്ധങ്ങൾ പങ്കുവെയ്ക്കുന്നതിനുമാണ് നവതി വർഷം കൂടുതൽ സമയവും ചിലവഴിച്ചത്. കൃതജ്ഞതാസ്തോത്രങ്ങളുടേയും ഒത്തുചേരലിന്റേയും ദിനങ്ങളായിരുന്നു അവ.

ഹോമിന് ജന്മം നൽകിയവർ സഹകരിച്ചവർ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഭരണാധികാരികൾ ആദ്യത്തെ ഇറ്റാലിയൻ മിഷനറി സിസ്റ്റേഴ്സ് ആയ സി. അലോഷ്യ, സി. ഫെലിക്സ്, സി.റോസ്, തുടർന്നുള്ള വർഷങ്ങളിൽ ഹോമിനെ സ്നേഹിച്ച നയിച്ച അഭിവന്ദ്യ പിതാക്കന്മാരായ ലിയോ പ്രൊസേപ്പിയോ, ആൽദോ മരിയ പത്രോണി, മാനേജർമാരായിരുന്ന ബ്രദർ സ്പിനെലി എസ്.ജെ., ഫാ. വെർഗോട്ടിനി എസ്. ജെ. അവരോടൊപ്പം തങ്ങളുടെ കഴിവും സമയവും പ്രയത്നങ്ങളും ഈ മിഷ്യനുവേണ്ടി സമർപ്പിച്ച സിസ്റ്റേഴ്സ് തുടങ്ങിയവർക്ക് ആത്മശാന്തിനേർന്നു കൊണ്ട് നന്ദിയോടെ സ്മരിച്ച് ദൈവപിതാവിന് കൃതജ്ഞതാ സ്തോത്രങ്ങൾ അർപ്പിക്കാൻ 90 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തുകയുണ്ടായി. അതിന്റെ സമാപനത്തിൽ ബഹു. ജെറോം ചിങ്ങംതറ അച്ചന്റെ വചനപ്രഘോഷണവും ടോണിയച്ചന്റെ സാന്നിധ്യവും നിറവേകി. 55 വർഷത്തെ നിസ്വാർത്ഥവും ത്യാഗനിർഭരവുമായ സേവനം കണക്കിലെടുത്ത് 1978 ൽ അന്നത്തെ മെത്രാനായിരുന്ന ആൽദോ മരിയ പത്രോണി പിതാവ് സെന്റ് വിൻസെന്റ് ഹോമിന്റെ നടത്തിപ്പ് എല്ലാ കെട്ടിടങ്ങളോടുമൊപ്പം സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയെ ഏൽപ്പിച്ചു. തുടർന്ന് അഭിവന്ദ്യ മാക്സ്വെൽ പിതാവിന്റേയും ജോസഫ് കളത്തിപ്പറമ്പ് പിതാവിന്റേയും അനുഗ്രഹാശിസുകൾ ഏറ്റുവാങ്ങിക്കൊണ്ട് ഹോമിന്റെ ജീവസന്താരണ പ്രക്രിയ തുടർന്നു. ഹോമിന് കാലോചിതമായ മാറ്റങ്ങൾ രൂപത്തിനും സേവനശൈലിയിലും നൽകി, സിസ്റ്റേഴ്സ് ഇവിടെ അഭയംതേടിയെത്തുന്നവർക്ക് ഒരു കുടുംബമായിതന്നെ ഈ സ്ഥാപനത്തെ നയിക്കുന്നു. ഇന്ന് ഈ ഹോമിൽ അനാഥശിശുക്കളെ സനാഥരാക്കുന്ന സെന്റ്ജോസഫ്സ് ഫോണ്ട്ലിങ്ങ് ഹോം, കുടുംബപ്രശ്നങ്ങളാൽ ജീവിതം വഴിമുട്ടിനിൽക്കുന്ന യുവതികളെ തൊഴിൽ അഭ്യസിപ്പിച്ച് സ്വയം പര്യാപ്തരാക്കി വിവാഹ ജീവിതത്തിലേക്ക് നയിക്കുന്ന സെന്റ് വിൻസെന്റ് ഗേൾസ് ഹോം, അരക്ഷിതരും ആലംബഹീനരുമായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്ന സെന്റ് ബർണെഡിറ്റ്

ഹോം എന്നീ മൂന്ന് ഗവർമെന്റ് അംഗീകൃത യൂണിറ്റുകളിലായി 100 ൽ അധികം പേരെ സംരക്ഷിക്കുന്നു. മേയാസ്പന്ദൻ എന്ന പേരിൽ ഒരു കൗൺസിൽ സെന്ററും ഉദ്യോഗസ്ഥരായ വനിതകൾക്കുള്ള ഗൊരേറ്റി ഹോസ്റ്റലും ഹോമിന്റെ കീഴിലുണ്ട്. നവതി സമാപനത്തിൽ ഹോമിൽ വളർന്ന കുട്ടികളുടെ കൂട്ടായ്മയിൽ പങ്കുചേരാൻ നിരവധി വൈദീകരും സന്ന്യസ്ഥരും പരിസരവാസികളും ഉദ്യോഗസ്ഥരും പൊതുപ്രവർത്ത കരും പോലീസ് ഉദ്യോഗസ്ഥരും നഗര സഭാധികാരികളും തുടങ്ങി നിരവധിപേർ എത്തിയിരുന്നു.

ജീവൻ സംരക്ഷിക്കുന്നതിനും വളർത്തുന്നതിനുമുള്ള ആയാസ മേറിയ പ്രവർത്തനങ്ങളിൽ ഞങ്ങൾക്ക് പ്രചോദനം നൽകുന്ന അഭി വന്ദ്യ വർഗ്ഗീസ് പിതാവിന്റെ സാന്നിധ്യം ഞങ്ങളോടുകൂടെ എപ്പോഴു മുണ്ട്. കത്തീഡ്രലിൽ സേവനംചെയ്യുന്ന വൈദികരുടെ പ്രത്യേക കരു തലിനും പ്രോത്സാഹനത്തിനും ഹോമിലെ മക്കളുടെ കൂപ്പുകൈ.

പിതാവിന്റെ ഇടയദൗത്യത്തിൽ ഹോമിലെ മക്കളുടെ നിരന്തരമായ പ്രാർത്ഥന എന്നുമുണ്ട്. സെന്റ് വിൻസെന്റ് ഹോം എന്നും യേശുവിന്റെ കരുണാർദ്ര സ്നേഹത്തിന്റെ സാക്ഷ്യമാകട്ടെ.






സെപ്റ്റംബർ 16 നായിരുന്നു റോമൻ രൂപതയിൽ സേവനമനുഷ്ടിക്കുന്ന വൈദികർക്കായുള്ള വാർഷിക സംഗമം ഫ്രാൻസിസ് പാപ്പ വിളിച്ചു ചേർത്തിരുന്നത്. ഞാൻ താമസിക്കുന്ന ഇടവകയിലെ ഒരച്ചൻ ഈ യോഗത്തിൽ പോകുന്നില്ലെന്ന് തീരുമാനിച്ചതിനാൽ ഒരു ടിക്കറ്റ് എനിക്ക് കിട്ടി. ബെനെഡിക്റ്റ് പാപ്പ അവസാനമായി സംബന്ധിച്ച നോമ്പുകാലയോഗത്തിനു വളരെ നേരത്തെ എത്തിച്ചേർന്ന് പാപ്പ കടന്നുപോയേക്കാവുന്ന വഴിക്കരികെ സ്ഥലം പിടിച്ചതായിരുന്നു കഴിഞ്ഞ തവണ. സമ്മാനമായി ഒരു ഷാളും കരുതിയിരുന്നു. പക്ഷേ പതിവിനു വിപരീതമായി അന്ന് പാപ്പ നേരിട്ട് സ്റ്റേജിലെത്തുകയായിരുന്നു. ആ ഒരോർമ്മയിൽ ഇത്തവണ മുന്നൊരുക്കങ്ങളൊന്നുമില്ലാതെയായിരുന്നു യോഗം നടക്കുന്ന ലാറ്ററൻ ബസലിക്കയിൽ എത്തിച്ചേർന്നത്. ഫ്രാൻസിസ് പാപ്പയെ കാണണമെന്നും കേൾക്കണമെന്നുമേ ഉണ്ടായിരുന്നുള്ളൂ ഇത്തവണ. ഞാനെത്തിയപ്പോഴേയ്ക്കും ബസിലിക്കയുടെ പകുതിയോളം വൈദികരെക്കൊണ്ട് നിറഞ്ഞിരുന്നു. പത്തുമണി ആകാനായപ്പോൾ ബസിലിക്കയുടെ വലതുവശത്തുകൂടി കടന്നുവന്ന പാപ്പ മുൻവശത്തുണ്ടായിരുന്ന വൈദികരെ അഭിവാദനം ചെയ്ത് സ്റ്റേജിലെത്തി. ഏതാണ്ട് രണ്ട് മണിക്കൂർ നീണ്ടുനിന്ന പാപ്പയുടെ ലളിതമായ പ്രഭാഷണവും പാപ്പയോടുന്നയിച്ച ചോദ്യങ്ങൾക്കുള്ള ഹൃദ്യമായ ഉത്തരങ്ങളും വൈദികജീവിതത്തിനേറെ പ്രചോദനം പകരുന്നതായിരുന്നു. യോഗം തീരാനാവുമ്പോഴേയ്ക്കും ഞാൻ എന്റെ ക്യാമറയുമായി പാപ്പ



ആരംഭത്തിൽ കടന്നു പോയ വഴിക്കരികിൽ എത്തിയിരുന്നു. അവിടെ നിന്ന് പാപ്പയുടെ കുറെ ഫോട്ടോയെടുത്തു. അവസാനത്തെ ആശീർവാദത്തിനുശേഷം അവിടെ സന്നിഹിതരായിരുന്ന ബിഷപ്പുമാരേയും ഫൊറോനവികാരിമാരെയുമൊക്കെ കണ്ട് പോപ്പ് ബസിലിക്കയുടെ ഇടതുവശത്തുള്ള കപ്പേളയിലേക്ക് പോയി. ഒരുപക്ഷേ ആ വശത്തുകൂടെ തന്നെ തിരിച്ചുപോയേക്കും. എന്തായാലും കുറച്ച് നേരം കൂടി അവിടെ കാത്തുനിൽക്കാൻ തീരുമാനിച്ചു. കുറെ മിനുറ്റുകൾക്കുശേഷം പാപ്പ തിരിച്ചു വന്നു. അച്ചന്മാരേയും സെക്യൂരിറ്റി ഓഫീസേഴ്സിനെയും കൊണ്ട് പാപ്പയെ കാണാൻ സാധിക്കുന്നില്ല. പക്ഷേ ഞാൻ നിൽക്കുന്ന വശത്ത് അങ്ങേ അറ്റം മുതൽ കാത്തുനിൽകുന്ന വൈദികരെ അടുത്ത് കണ്ട് അഭിവാദ്യം ചെയ്യുകയും കൈ നൽകുകയും ഒക്കെ ചെയ്യുന്നുണ്ടെന്ന് മനസ്സിലായി. ഞാൻ നിൽക്കുന്ന സ്ഥലത്തെ വൈദികരെ ആരംഭത്തിൽ പാപ്പ അഭിവാദ്യം ചെയ്തതാണ്. അതുകൊണ്ട് തന്നെ ഇനി ഇങ്ങോട്ടേക്ക് വരണമെന്നില്ല. എന്നു മാത്രമല്ല, ഞങ്ങളുടെ മറുവശത്ത് കാത്തുനിൽക്കുന്ന അച്ചന്മാർ ഉച്ചസ്വരത്തിൽ പാപ്പായെ തങ്ങളുടെ വശത്തേയ്ക്ക് വിളിക്കുന്നുമുണ്ട്. മിനിറ്റുകൾക്ക് ശേഷം അപ്രതീക്ഷിതമായി ഞാനാകാഴ്ച കണ്ടു. കറുത്ത സ്യൂട്ടിൽ അനുഗമിക്കുന്ന സെക്യൂരിറ്റി ഓഫീസേഴ്സിനിടയിൽ ഒരു തൂവെള്ള രൂപം. ആ മുഖത്ത് അസാധാരണമായ ഒരു പ്രകാശം. ഞാനെടുത്ത ഫോട്ടോകളിലോ മറ്റ് ചിത്രങ്ങളിലോ ഒന്നും കാണാത്ത ഒരു ചൈതന്യമായിരുന്നു പുഞ്ചിരി നിറഞ്ഞ ആ മുഖത്ത് ഞാൻ കണ്ടത്. പാപ്പ എന്റെയും ഞാൻ പാപ്പയുടേയും കണ്ണുകളിലേക്ക് നോക്കി. കരുണയും സൗഹൃദവും ലാളിത്യത്തിന്റെ തിളക്കവുമായിരുന്നു ആ കണ്ണുകളിൽ. ആ നിമിഷം പാപ്പ എനിക്കു വേണ്ടി മാത്രം സംലഭ്യനാകുന്ന ഒരനുഭവം. അടുത്ത നിമിഷം ഞാനദ്ദേഹത്തിന്റെ കൈപിടിച്ച് ചുംബിച്ചു. ഒന്നും സംസാരിക്കാൻ സാധിക്കാത്ത ഒരവസ്ഥയിലായിരുന്നു ഞാൻ. പക്ഷേ എന്റെ ഹൃദയം നിറഞ്ഞ അനുഭവമായിരുന്നു... അപ്രതീക്ഷിതമായ ഒരു സ്വപ്നസാക്ഷാത്കാരം. അന്ന് തിരുവോണദിനമായിരുന്നു. ഇതെനിക്ക് ലഭിച്ച ഓണസമ്മാനം.

# Bishop's Programme

## NOVEMBER 2013

| | | |
|---|---|---|
| 01 | | All Saint's Day |
| 02 | 04.30 p.m. | Mass at Mother of God Cathedral Cemetery, West Hill |
| 03 | 10.30 a.m. | KLCA Convention at Mananthavady |
| 04 | 10.30 a.m. | Priests' Meeting of Calicut Forane |
| 05 | 11.00 a.m | Goodness TV Recording |
| 06-08 | | Appointment with people |
| 09 | | Year of Faith Celebration at Iritty, Kannur |
| 10 | 09.15 a.m. | Feast at Christu Raja Church, Malaparamba |
| 11 | 04.00 p.m. | Mass and Blessing at St Joseph's Convent, Poomala |
| 12 | 10.30 a.m. | Appointment with Rev. Fr Lawrence Culas and Priests |
| 13 | | Appointment with People |
| 14 | 07.00 p.m. | Home Day at Pushpadan, Cheruvatta |
| 15 | 04.00 p.m. | Bible Convention at Perikallore |
| 16 | 10.00 a.m. | CRI Meeting, Kannur |
| | 06.30 p.m | Jubilee Mass, Payyambalam |
| 17 | 03.00 p.m. | Year of Faith Celebration, Kannur |
| 18-20 | | SEC National Convention at Goa |
| 21 | 10.30 a.m. | Final Profession of Sisters of Charity at Cathedral, Calicut |
| | 08.00 p.m. | To Sharja, Dubai |
| 22-23 | | Feast of Christ the King, Sharja, Dubai |
| 24 | 03.00 p.m. | Conclusion of Year of Faith in Calicut |
| 25 | | Appointment with People |
| 26 | 06.30 p.m. | Prayer Service at Ashir Bavan, Marikunnu |
| 27 | | Blessing of Mariya Nilayam Convent, Calicut |
| 28 | 10.30 a.m. | Priest's Senat at the Bishop's House, Malaparamba |
| 29 | | Appointment with People |
| 30 | 10.30 a.m. | Blessing of Capuchin Ashram, Kannur |
| | 03.30p.m. | Golden Jubilee of Archbishop Mar George Valiyamattam, at the Bishop's House, Tellechery |


കുരിശോട് ചേർക്കാം നെഞ്ചിൽ എരിയുന്ന ദുഃഖം